മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 08 No. 52 THE ONLINE OFFICIAL NEWS BULLETIN 2025 December 24

SEASON OF THE EPIPHANY ദനഹാകാലം ܥܕܢܐ ܕܕܢܚܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
28 ♪1 1st Sunday after the Feast of Nativity	29 ♪5	30 ♪1	31 ♪5	1 ♪8 Circumcision of our Lord ✠ Comme. of St. Basil the Great, St. Gregory & All Saintly Fathers and Malpans. New Year Day (Reshatho)	2 ♪5	3 ♪1 Oath of Koonan Cross 62nd Mem. of H.H. Baselios Geevarghese II ✠ Catholicos (Devalokam Catholicate Aramana) Comme. of Mar Ahathalla Bava



നിഖ്യാ സുന്നഹദോസിന്റെ 1700-ാം വാർഷികം പ്രമാണിച്ചുള്ള വേദശാസ്ത്ര സെമിനാർ പഴയ സെമിനാരിയിൽ പ. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു.



ആർദ്ര ചാരിറ്റബിൾ സൊസൈറ്റിയ്ക്ക് എസ്.ബി.ഐയുടെ സി.എസ്.ആർ ഫണ്ട്

കോട്ടയം: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ സേവന വിഭാഗമായ ആർദ്ര ചാരിറ്റബിൾ സൊസൈറ്റിക്ക് ആംബുലൻസ് വാങ്ങുന്നതിനുള്ള തുക എസ്.ബി.ഐ സി.എസ്.ആർ ഫണ്ടിൽ നിന്ന് കൈമാറി. ആർദ്രയുടെ 25-ാം വാർഷികത്തോട് അനുബന്ധിച്ച് പാലിയേറ്റീവ് കെയർ യൂണിറ്റിന് വേണ്ടിയാണ് തുക നൽകിയത്. മലങ്കരസഭാ ആസ്ഥാനമായ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ നടന്ന ചടങ്ങിൽ എസ്.ബി.ഐ. ചീഫ് ജനറൽ മാനേജർ ബംഗാര രാജു സഭാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായ്ക്ക് ചെക്ക് കൈമാറി. ഡി.ജി.എം മനോജ് കുമാർ പത്ര, റിജീയണൽ മാനേജർ പ്രദീപ് സി. ചന്ദ്രൻ, ബ്രാഞ്ച് മാനേജർ സുമിത് വർഗീസ് ജേക്കബ്, സഭാ വക്താവ് മലങ്കര മൽപ്പാൻ ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, ദേവലോകം അരമന മാനേജർ ഫാ. യാക്കോബ് റമ്പാൻ, ഫാ. കെ. വൈ വിൽസൺ, ആർദ്ര സെക്രട്ടറി ജോസഫ് അലക്സാണ്ടർ, ട്രഷറാർ റോയ് തോമസ്, ഐ. സി. തമ്പാൻ, മോനി കല്ലാംപറമ്പിൽ, ഷെറി എം. പാറേട്ട് എന്നിവർ സംബന്ധിച്ചു.



ക്രിസ്തുമസ് സന്ദേശം

സ്നേഹം പിറന്ന കാലിത്തൊഴുത്തിലേക്ക്

പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ

ദൈവം മനുഷ്യനെത്തേടി വന്ന മഹാ സുദിനത്തിന്റെ ഓർമ്മയാണ് ക്രിസ്തുമസ്. അവഗണിക്കപ്പെടുന്നവരോടും അശരണരോടും ദൈവം പ്രത്യേകമായി അടുത്തു നിൽക്കുന്നുവെന്ന സന്ദേശമാണ് തിരുജനനത്തിലൂടെ വെളിപ്പെടുന്നത്. ആ സന്ദേശം ഉൾക്കൊണ്ട് നാം കൂടുതൽ മാനുഷികരാകേണ്ടതുണ്ട്. ലോകം എ.ഐ. വിപ്ലവത്തിലുടെയും ശാസ്ത്രത്തിന്റെ കുതിച്ചുചാട്ടത്തിലൂടെയും സമ്പന്ന മാകുമ്പോഴും മനുഷ്യഹൃദയങ്ങളിൽ ഒറ്റപ്പെടലും അസ്വസ്ഥതയും വർധിച്ചുവരുന്നതായി മറക്കരുത്. കേൾക്കാനും കരുതാനും ചേർത്തുപിടിക്കാനും കഴിയുന്ന സമൂഹമായിത്തീരുക എന്നത് ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണ്. മനുഷ്യ സ്നേഹത്തിനു പകരംവെക്കാൻ ഒരു എ.ഐ. സാങ്കേതികവിദ്യയ്ക്കും കഴിയില്ല.

വിഭജനങ്ങളുടെയും യുദ്ധങ്ങളുടെയും തുറമുഖത്തുനിന്ന് സ്നേഹം പിറന്ന കാലിത്തൊഴുത്തിലേക്ക് ലോകം നടന്നു തുടങ്ങേണ്ടിയിരിക്കുന്നു. ജനനം ആഘോഷിക്കുന്ന വേളയിൽ മരണത്തിലേക്കും അനാഥത്വത്തിലേക്കും തള്ളപ്പെടുന്ന കുരുന്നു ബാല്യങ്ങളെ നാം കാണണം. വിഭജനങ്ങളെ അതിജീവിക്കുന്ന സാഹോദര്യം സൃഷ്ടിക്കപ്പെടണം. മക്കൾ വിദേശരാജ്യങ്ങളിലേക്ക് കുടിയേറുന്ന ഈ കാലത്ത് ഒറ്റപ്പെടുന്ന മാതാപിതാക്കളെ ചേർത്തുപിടിക്കാളള ഉത്തരവാദിത്വം സഭയും, സമൂഹവും ഏറ്റെടുക്കണം.

കുട്ടിക്കാലത്തെ ക്രിസ്മസ് തന്നെയാണ് അന്നും ഇന്നും എന്നും കെയ്ക്കിനെക്കാൾ മനോഹരം. തുമഞ്ഞ് പെയ്യുന്ന രാവിൽ ഈറ്റയിൽ തീർത്ത ക്രിസ്മസ് നക്ഷത്രവുമായി കാരൾസംഘത്തിനൊപ്പമുള്ള ആ യാത്ര അവിസ്മരണീയമാണ്. കാരൾ സംഘങ്ങൾ നടന്നുനീങ്ങുന്ന അതേവഴിയിൽത്തന്നെ ശരണമന്ത്രം ഉരുവിട്ട് ശബരിമലയിലേക്ക് നടന്നുനീങ്ങുന്ന അയ്യപ്പന്മാരെയും കാണാൻ സാധിക്കുമായിരുന്നു. അത്രത്തോളം ഇഴചേർന്ന ഒരു സാമൂഹികാന്തരീക്ഷം നമ്മുടെ നാടിനുണ്ട്. എല്ലാ വഴികളും എല്ലാ യാത്രകളും അവസാനിക്കുന്നത് സന്തോഷത്തിന്റെയും ശാന്തിയുടെയും ഇടങ്ങളിലേക്കാകട്ടെ. പ്രിയ വായനക്കാർക്ക് ഹൃദയം നിറഞ്ഞ ക്രിസ്മസ് ആശംസകൾ.

Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ക്രിസ്മസ് മനുഷ്യരുടെ ഇടയിൽ ദൈവ സാന്നിദ്ധ്യത്തിന്റെ ഉത്സവം

ഡോ. യുഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ

ഈ വർഷത്തെ ക്രിസ്മസ് നമ്മെ വിളിച്ചുകൂട്ടുന്നത് വലിയ മാറ്റങ്ങളുടെയും വെല്ലുവിളികളുടെയും ഇടയിലാണ്. ലോകം വേഗത്തിൽ മാറുകയും, വാർത്തകളിൽ പലപ്പോഴും കാണുന്നതുപോലെ അനിശ്ചിതത്വങ്ങളും വഴിമുട്ടലുകളും നിറഞ്ഞ ഒരു കാലഘട്ടത്തിലൂടെ നാം കടന്നുപോകുകയും ചെയ്യുകയാണ്. കാലാവസ്ഥയിലെ തീവ്രമായ വ്യതിയാനങ്ങൾ, സാങ്കേതിക വിദ്യയുടെ അതിവേഗ വളർച്ച, രാജ്യങ്ങൾ തമ്മിലും മതങ്ങൾ തമ്മിലും ഉടലെടുക്കുന്ന ശീത-ഉഷ്ണ സംഘർഷങ്ങൾ, ഇങ്ങനെ പലതിൽ നിന്നുമുള്ള ആശകൾക്കും ആശങ്കകൾക്കും ഇടയിലാണ് നമ്മുടെയെല്ലാവരുടെയും ജീവിതം. എന്നാൽ ക്രിസ്മസ് ഓരോ വർഷവും നമ്മെ ഓർമ്മിപ്പിക്കുന്ന ഒരു ശാശ്വത സന്ദേശമുണ്ട്: 'Hope is being able to see that there is light despite all of the darkness"(Desmond Tutu).

പിറവിക്കഥയിലെ ചെറു നക്ഷത്രവെളിച്ചം പോലെ, നമ്മുടെ ഓരോരുത്തരുടെയും ഹൃദയത്തിന്റെ ഉള്ളിൽ ഒരു ചെറിയ പ്രകാശം ഇപ്പോഴും തെളിഞ്ഞുകിടക്കുന്നു. ലോകം ഭാരമായി തോന്നുമ്പോൾ ടി പ്രകാശമാണ് കരുണയിലേക്കും നന്മയിലേക്കും നമ്മെ നയിക്കുന്നത്.

ക്രിസ്മസ് നമ്മെ ഓരോ വർഷവും ഓർമ്മിപ്പിക്കുന്ന ഒരു ശാശ്വത സത്യം, 'പ്രതീക്ഷ ഒരിക്കലും അസ്തമിക്കില്ല' എന്നതാണ്.

ഈ കാലഘട്ടത്തിൽ, അത്യന്തം ആവശ്യമുള്ളത് പരസ്പര മനസ്സിലാക്കലും സഹകരണവുമാണ്. അതാണ് ക്രിസ്മസിന്റെ ആത്മാവ് നമ്മെ ഓർമ്മിപ്പിക്കുന്നത്. "Peace on earth will come to stay, when we live Christmas every day" (Helen Steiner Rice).

ഈ ക്രിസ്മസിൽ, മറ്റൊരാളിന്റെ വേദനയും ബുദ്ധിമുട്ടുകളും മനസ്സിലാക്കി ഒരു ചെറിയ സഹായഹസ്തം നീട്ടാൻ നമുക്ക് ശ്രമിക്കാം. അത്തരത്തിലുള്ള ചെറിയ പ്രവൃത്തികളാണ് ഇന്നത്തെ ലോകം ഏറ്റവും ആകാംക്ഷയോടെ കാത്തിരിക്കുന്ന യഥാർത്ഥ സമാധാനത്തിന്റെ വിത്തുകൾ.

ജീവിതത്തിന്റെ തിരക്കിനിടയിൽ, ഒരു സഹായഹസ്തം നീട്ടിയും ഒരാളുടെ മനസിൽ പ്രതീക്ഷ വിതറിയും നാം ചെയ്യുന്നത് ചെറിയ കാര്യമല്ല. കാരണം, 'No act of kindness, no matter how small, is ever wasted' (Aesop).

ഡിജിറ്റൽ ലോകം നമ്മെ വേഗത്തിൽ ബന്ധിപ്പിച്ചാലും, ഹൃദയങ്ങളെ ബന്ധിപ്പിക്കുന്നത് മനുഷ്യരുടെ ഇടയിലുള്ള ദൈവസാന്നിധ്യമാണ്. അതിനാൽ ഈ ക്രിസ്മസിൽ, നമ്മുടെ വീട്ടിലെയും സമൂഹത്തിലെയും ബന്ധങ്ങളെ ശക്തിപ്പെടുത്താനായി നമുക്ക് സമയം കണ്ടെത്താം. കാരണം, "The greatest gift we can give is our presance." (Thich Nhat Hanh). ഗ്ലോബൽ മാറ്റങ്ങളുടെ ഇടയിൽ നന്മയിലേക്ക് ചെറിയ ചുവടുകൾ പോലും വലിയ മാറ്റങ്ങൾ സൃഷ്ടിക്കും.

"In a gentle way, you can shake the world." (Mahatma Gandhi)

ഡിജിറ്റൽ ലോകം വേഗത്തിൽ വളരുന്ന ഈ കാലത്ത്, നമുക്ക് ഒരു നിമിഷമെങ്കിലും സ്ക്രീനുകളിൽ നിന്നും മാറി, നമ്മോട് അടുത്തുള്ളവരുമായി നേരിട്ട് ദൈവീക കാര്യങ്ങൾ സംസാരിക്കാൻ, അവരുടെ കഥകൾ കേൾക്കാൻ, ഒരു ചിരി പങ്കുവയ്ക്കാൻ സമയം കണ്ടെത്താം.

ക്രിസ്മസ് നമ്മെ പരസ്പരം ബന്ധപ്പെടുത്തുന്ന ഒരു സുവർണ്ണാവസരമാണ്.

ഈ സീസൺ സമാധാനത്തിന്റെയും നീതിയുടെയും കരുണയുടെയും പുതിയ ആരംഭങ്ങൾക്കായുള്ള വാതിൽ തുറക്കട്ടെ; നമ്മുടെ ഹൃദയങ്ങളിൽ വെളിച്ചവും ഭവനങ്ങളിലും സമൂഹത്തിലും സന്തോഷവും പകരട്ടെ.



ക്രിസ്മസ് ഒരു അവധിക്കാലം മാത്രമല്ല. അത് ഹൃദയത്തിൽ തോന്നുന്ന ഒരു വികാരമാണ്: "Christmas is not a season. It is a feeling" (Edna Ferber). ക്രിസ്മസ് ആഘോഷത്തിനു പിന്നാലെ വരുന്നത് പുതിയ വർഷമാണ്. ഹൃദയത്തിൽ ജനിച്ച ക്രിസ്തുവിനോടൊപ്പം പുതു വത്സരത്തിലേക്കു നാം പ്രവേശിക്കണം. പുതിയ വർഷത്തേക്കുള്ള പ്രവേശനവേളയിൽ, വെളിച്ചവും സമാധാനവും സ്നേഹവും നിറഞ്ഞ ഒരു പുതിയ തുടക്കം നമ്മെ കാത്തിരിക്കട്ടെ. മനുഷ്യരിൽ നന്മയും ദേശങ്ങളിൽ സമാധാനവും വളരട്ടെ.

"It is during our darkest moments that we must focus to see the light" (Aristotle).

സഭാ പിതാക്കന്മാർ ഒരിക്കലും ക്രിസ്മസിനെയും പുതുവത്സരത്തെയും ഒരു കലണ്ടറിലെ സമയ ക്രമീകരണ സംഭവങ്ങളായി മാത്രം കണ്ടിട്ടില്ല. പ്രത്യുത, മനുഷ്യ ജീവിതത്തിന്റെ പുതുക്കത്തിനു വേണ്ടിയുള്ള ആദ്ധ്യാത്മിക വിഷയങ്ങളായിട്ടാണ് ചിത്രീകരിച്ചിട്ടുള്ളത്.

അലക്സാന്ത്രിയായിലെ മാർ അത്താനാസിയോസിന്റെ വീക്ഷണത്തിൽ

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ക്രിസ്തുവിന്റെ ജനനം നമ്മുടെ പുന:സൃഷ്ടിയുടെയും ദൈവീകരണത്തിന്റെയും പ്രതീകമാണ്:

"The Word was made man in order to recreate the human race. The Nativity inaugurates a new creation" (On the Incarnation 8).

നാസിയാൻസിലെ മാർ ഗ്രീഗോരിയോസ് തിരുജനനത്തെ സൃഷ്ടിയുടെ ആന്തരീക രൂപാന്തരത്തിന്റെ വിളിയായി കാണുന്നു: "A call to cosmic and moral transformation. Christ is born-glorify Him! Christ comes from heaven-go out to meet Him!. Let us become like Christ, since Christ became like us." (Oration 38 -On the Nativity).

സ്വർണ്ണ നാവുകാരൻ മാർ ഈവാനിയോസ് തിരുജനനത്തെ സമാധാനത്തിന്റെയും അനുരജ്ഞനത്തിന്റെയും മൂർത്തീഭാവമായി വിലയിരുത്തുന്നു.

"Behold a new and wondrous mystery... Heaven and earth are united today."

The birth of Christ establishes reconciliation between God and humanity. (Homily on the Nativity).

"The Lord of all takes the form of a servant... that He might lift us to Himself."

The Nativity is presented as an invitation to humility and renewed spiritual life.(Homily on Mathew 2)

സിറിയായിലെ മാർ അപ്രേം, 'സൃഷ്ടിയെ ദൈവം തന്റെ ദൈവത്വം കൊണ്ട് പ്രകാശിതമാക്കി ധന്യമാക്കുവാൻ കാല തികവിൽ തിരുജനനം ഉണ്ടായി'എന്ന് വിശദീകരിക്കുന്നു. 'The Lord of all enters the world in poverty, to enrich us with His divinity.'


(Hymns on the Nativity 1). "Blessed is the Child who today has made the human race young again" (Hymns on the Nativity 11). മാർ അപ്രേം കർത്താവിന്റെ തിരുജനനത്തെ മാനവ ജാതിയുടെ പുതുക്കത്തിന്റെയും യുവത്വത്തിന്റെയും വീണ്ടും ജനനത്തിന്റെയും തുടക്കമാക്കി ചിത്രീകരിക്കുന്നുണ്ട്.

പുരാതന ക്രൈസ്തവർ പുതുവർഷത്തിനു വലിയ പ്രാധാന്യം കൊടുത്തതായി കാണുന്നില്ല. എന്നാൽ, അവർ ആൽമീയ പുതുക്കത്തിന്റെയും വീണ്ടും ജനനത്തിന്റെയും ക്രിസ്തുവിൽ പുതു സൃഷ്ടിയായി മാറുന്നതിന്റെയും അനുഭവങ്ങൾ പങ്കു വയ്ക്കുന്നുണ്ട് (2 കോരി. 5:17– ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയത്രേ). നിസ്സായിലെ മാർ ഗ്രീഗോറിയോസ് വിശ്വാസികൾ അവരുടെ ഓരോ ദിവസവും പുതുക്കത്തിന്റെയും പുതുജീവിതത്തിന്റെയും ആനന്ദം അനുഭവിക്കണമെന്നാണ് ആഹ്വാനം ചെയ്യുന്നത്. 'The one who is renewed day by day makes each day the beginning of a new life. ("Homily on the Song of Songs 15). സഭാ മക്കളുടെ ആദ്ധ്യാൽമിക പുതുവർഷം എന്നത് ദിനം പ്രതി കർത്താവിലുള്ള ആരംഭമായിരിക്കണമെന്നാണ് ഇവിടെ വിവക്ഷിക്കുന്നത്.

ഏവർക്കും സ്നേഹവും സമാധാനവും ശാന്തിയും നിറഞ്ഞ ഒരു അനുഗ്രഹീത ക്രിസ്മസും പുതുവർഷവും ആശംസിക്കുന്നു.



ഫാ. ബിജേഷ് ഫിലിപ്പ് രചിച്ച Redemptive Remembrance എന്ന ഗ്രന്ഥം പ. കാതോലിക്കാ ബാവാ പ്രകാശനം ചെയ്തു. മഷിക്കൂട്ട് ഇംപ്രിന്റാണ് പ്രസാധകർ.



ഉപരാഷ്ട്രപതി സംഘടിപ്പിച്ച ക്രിസ്മസ് സ്നേഹ സംഗമത്തിൽ പങ്കെടുത്ത ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ ഉപരാഷ്ട്രപതിക്ക് ക്രിസ്മസ് സ്നേഹസമ്മാനം കൈമാറി.



ഭാരതത്തിന്റെ ഉപരാഷ്ട്രപതിയും മലങ്കരസഭയുടെ ഉറ്റ സുഹൃത്തുമായ സി. പി. രാധാകൃഷ്ണൻ സംഘടിപ്പിച്ച ക്രിസ്തുമസ് വിരുന്നിൽ ഗീവർഗീസ് മാർ കൂറിലോസിന്റെ നേതൃത്വത്തിൽ മലങ്കരസഭയുടെ പ്രതിനിധികൾ പങ്കെടുത്ത് ആശംസകൾ നേർന്നു.




മാനന്തവാടി രൂപത ബിഷപ്പ് ജോസ് പൊരുന്നേടവും സുൽത്താൻ ബത്തേരി ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗീവർഗീസ് മാർ ബർന്നബാസും സുൽത്താൻ ബത്തേരിയിലെ നിർമ്മലഗിരി അരമനയിൽ സൗഹൃദ കൂടിക്കാഴ്ച നടത്തി.

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1957)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്



1957 മെയ്

7 ചൊവ്വ. കാതോലിക്കേറ്റ് അരമന. പഴയസെമിനാരി മാനേജരും യാക്കോബ് കത്തനാരും പരുമല സെമിനാരി മാനേജരും വന്നിരുന്നു. ഈവാനിയോസ് തിരുമേനി പുതുപ്പള്ളി പെരുന്നാൾ ദിവസമായതുകൊണ്ട് രാവിലെ കുർബ്ബാന അർപ്പിക്കുന്നതിനായി പോയി. മല്പാൻ യോഹന്നാൻ കത്തനാരും പോയി. സന്ധ്യാനമസ്കാരം കഴിഞ്ഞപ്പോൾ മല്പാൻ വന്ന് നമ്മോടു കൂടി താമസിച്ചു.

8 ബുധൻ. നാം സുഖമായി താമസിച്ചു. മല്പാൻ യോഹന്നാൻ കത്തനാർ പള്ളം പള്ളിയിൽ വി. കുർബ്ബാന ചൊല്ലുന്നതിനായി പോയി. പഴയസെമിനാരി മാനേജരും യാക്കോബ് കത്തനാരും വന്നിരുന്നു. ഏബ്രഹാം വക്കീലും വന്നിരുന്നു. കേസിന്റെ കാര്യത്തെപ്പറ്റി നമ്മെ അറിയിച്ചു. സന്ധ്യയോടുകൂടി മുലവട്ടത്തു നിന്ന് അബ്രഹാം കത്തനാർ വന്ന് നമ്മോടു കൂടി താമസിച്ചു.

9 വ്യാഴം. കാതോലിക്കേറ്റ് അരമന. നാം സുഖമായി താമസിച്ചു. മല്പാൻ യോഹന്നാൻ കത്തനാരും അബ്രഹാം കത്തനാരും നമ്മോടുകൂടി താമസിച്ചു.

10 വെള്ളി. കാതോലിക്കേറ്റ് അരമന. പഴയസെമിനാരി മാനേജരും ചെമ്പകശ്ശേരി ജോർജ്ജു കത്തനാരും വന്നിരുന്നു. സന്ധ്യാനമസ്കാരം കഴിഞ്ഞ് എട്ടു മണിയോടു കൂടി തേവോദോസിയോസ് മെത്രാച്ചൻ വന്ന് നമ്മോടു കൂടി താമസിച്ചു. 10 മണിയോടു കൂടി കൂറിലോസ് മെത്രാച്ചൻ വന്ന് യുവജനസമാജത്തിന്റെ വാർഷിക മീറ്റിംഗിൽ അദ്ധ്യക്ഷത വഹിക്കുന്ന കാര്യത്തെപ്പറ്റി അറിയിച്ചു. നാം അത് സമ്മതിച്ചു. മെത്രാച്ചൻ രാത്രിയിൽ തന്നെ പോകുകയും ചെയ്തു. മല്പാൻ യോഹന്നാൻ കത്തനാരും അബ്രഹാം കത്തനാരും നമ്മോടു കൂടി താമസിച്ചു.

11 ശനി. കാതോലിക്കേറ്റ് അരമന. നാം സുഖമായി താമസിച്ചു. അബ്രഹാം കത്തനാരും മല്പാൻ യോഹന്നാൻ കത്തനാരും ബഥനി ആശ്രമത്തിൽ നിന്നും കുറിയാക്കോസ് കത്തനാരും വന്നിരുന്നു. അവർ നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്കാരം കഴിഞ്ഞപ്പോൾ ജർമ്മനിയിൽ നിന്നും ഒരു സായിപ്പും മറ്റും വന്ന് നമ്മെ കാണുകയുണ്ടായി. നാം ഒരു പടം കൊടുക്കുകയുണ്ടായി.

12 ഞായർ. കാതോലിക്കേറ്റ് അരമന. ഇന്ന് മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. നാം കുർബ്ബാനയിൽ സംബന്ധിച്ചു. കുർബ്ബാനമദ്ധ്യേ കുറിയാക്കോസ് കത്തനാർ പ്രസംഗിച്ചു. കുർബ്ബാനയും കഴിഞ്ഞ് കാപ്പിമേശയ്ക്കു ശേഷം തിരുമൂലയ്ക്കു യാത്രയായി. ലുത്തിനിയായ്ക്കു ശേഷം നാം വിശ്രമിച്ചു. മേശയും കഴിഞ്ഞ് യുവാക്കൾ രണ്ടു നിരയായി നിന്ന് ബാലികാമഠത്തിൽ നിന്നു തിരുമൂല പള്ളിയിലേക്കു (യോഗസ്ഥലത്തേക്കു) ആഘോഷപൂർവ്വം 'കാതോലിക്കാ സിംഹാസനം ജയിക്കട്ടെ' എന്ന് ഉച്ചത്തിൽ വിളിച്ചുകൊണ്ട് ആനയിച്ചു. നമ്മുടെ അദ്ധ്യക്ഷതയിൽ യോഗം ആരംഭിച്ചു. കൂറിലോസ് മെത്രാച്ചനും ദീവന്നാസിയോസ് മെത്രാച്ചനും ഉണ്ടായിരുന്നു. നാം അര മണിക്കൂർ പ്രസംഗിച്ചു. ദീവന്നാസിയോസ് മെത്രാച്ചനും പ്രസംഗിച്ചു. നൈനാനും .... പോൾ വർഗീസ് മുതലായവർ പ്രസംഗിച്ചു. യോഗം കഴിഞ്ഞ് നാം കോട്ടയത്തിനു പോന്നു. ഏഴു മണിയോടു കൂടി ദേവലോകത്തു വന്ന് സന്ധ്യാനമസ്കാരം കഴിഞ്ഞ് വിശ്രമിച്ചു. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടുകൂടി താമസിച്ചു.

13 തിങ്കൾ. കാതോലിക്കേറ്റ് അരമന. ഇന്ന് പത്തു പണിയോടു കൂടി ഒസ്താത്തിയോസ് മെത്രാച്ചൻ വന്നിരുന്നു. പഴയസെമിനാരി മാനേജരും കോട്ടപ്പുറത്തു സെമിനാരി മാനേജരും വന്നിരുന്നു. മത്തായി കത്തനാരും വന്നിരുന്നു. ഒസ്താത്തിയോസ് മെത്രാച്ചന് നാം റൂമേനിയൻ സമ്മാനങ്ങൾ കൊടുത്തു. മെത്രാച്ചൻ നമ്മോടു കൂടി താമസിച്ചു.

14 ചൊവ്വ. കാതോലിക്കേറ്റ് അരമന. മൂന്നു മണിയോടു കൂടി നാം കുറിച്ചി പള്ളിയിൽ സന്ധ്യാനമസ്കാരം നടത്തുന്നതിനായി പോകയും പോകുംവഴി പാത്താമുട്ടത്തു ചെന്ന് ലുത്തിനിയാ കഴിഞ്ഞ് റമ്പാച്ചനെ കാണുകയും പ്രത്യേക പ്രാർത്ഥന കഴിക്കുകയും ചെയ്തു. ഒസ്താത്തിയോസ് മെത്രാച്ചനും മല്പാൻ യോഹന്നാൻ കത്തനാരും നമ്മോടു കൂടി ഉണ്ടായിരുന്നു. പാത്താമുട്ടത്തു നിന്നും തിരിച്ച് അഞ്ചു മണിയോടു കൂടി കുറിച്ചിയിൽ പുതുതായി പണികഴിച്ച ചാപ്പലിൽ വരികയും 6 മണിക്ക് സന്ധ്യാനമസ്കാരം തുടങ്ങുകയും നമസ്കാരം കഴിഞ്ഞ് നാം ദേവലോകത്ത് എട്ടു മണിയോടു കൂടി വന്നുചേർന്നു.

15 ബുധൻ. കാതോലിക്കേറ്റ് അരമന. ദൈവമാതാവിന്റെ കതിരുകളെക്കുറിച്ചുള്ള ഓർമ്മദിവസം ആയിരുന്നു. കുറിച്ചി പള്ളിയുടെ കൂദാശയ്ക്കായി നാം ആറര മണിയോടു കൂടി ഒസ്താത്തിയോസ് മെത്രാച്ചനും ഒന്നിച്ച് കുറിച്ചിയിൽ എത്തി. അവിടെ അത്താനാസിയോസ് മെത്രാച്ചനും ഈവാനിയോസ് മെത്രാച്ചനും ഉണ്ടായിരുന്നു. നമസ്കാരത്തോടു കൂടി കൂദാശ ആരംഭിച്ചു. കൂദാശ കഴിഞ്ഞ് വി. മൂന്നിന്മേൽ കുർബ്ബാന ആരംഭിച്ചു. പതിനൊന്നു മണിയോടു കൂടി കുർബ്ബാന കഴിഞ്ഞു. കുർബ്ബാന കഴിഞ്ഞ് അത്താനാസിയോസ് മെത്രാച്ചൻ പ്രസംഗിച്ചു. കാപ്പിമേശയ്ക്കു ശേഷം നാം വിശ്രമിച്ചു. ധാരാളം ആളുകൾ സംബന്ധിച്ചു. പന്ത്രണ്ടര മണിയോടു കൂടി ദേവലോകത്ത് വന്നുചേർന്നു. ഒസ്താത്തിയോസ് മെത്രാച്ചൻ നമ്മോടു കൂടി താമസിച്ചു. മല്പാൻ യോഹന്നാൻ കത്തനാരും ഉണ്ടായിരുന്നു.

16 വ്യാഴം. കാതോലിക്കേറ്റ് അരമന. ഒസ്താത്തിയോസ് മെത്രാച്ചൻ രാവിലെ കർമ്മേലിലേക്കു പോകുന്നതിനായി നമ്മുടെ കാറിൽ റയിൽവേ സ്റ്റേഷനിലേക്കു പോകയും ട്രെയിനിൽ കയറിപോകയും ചെയ്തു. കൗൺസിൽ ഉണ്ടായിരു

ന്നു. പീലക്സിനോസ് മെത്രാച്ചനും അത്താനാസിയോസ് മെത്രാച്ചനും ഈവാനിയോസ് മെത്രാച്ചനും സന്നിഹിതരായിരുന്നു. നാലു മണിയോടു കൂടി കൗൺസിൽ കഴിഞ്ഞുപോകയും ചെയ്തു. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടു കൂടെ താമസിച്ചു.

17 വെള്ളി. കാതോലിക്കേറ്റ് അരമന. നാം സുഖമായി താമസിച്ചു. മല്പാൻ യോഹന്നാൻ കത്തനാർ ഇവിടെ ഉണ്ടായിരുന്നു. സന്ധ്യാ നമസ്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

18 ശനി. കാതോലിക്കേറ്റ് അരമന. നാം സുഖമായി താമസിച്ചു. നാം മല്പാൻ യോഹന്നാൻ കത്തനാർ കത്തനാരെ കുറിച്ചിയിൽ പുതുതായി പണികഴിച്ച ചാപ്പലിൽ കുർബ്ബാന അർപ്പിക്കുന്നതിനായി നിയോഗിച്ചു. ഞായറാഴ്ച രാവിലെ പോയി ചൊല്ലാം എന്ന് സമ്മതിച്ചു.

19 ഞായർ. കാതോലിക്കേറ്റ് അരമന. മല്പാൻ യോഹന്നാൻ കത്തനാർ കുറിച്ചി പള്ളിയിലേക്കു പോയി. നാം ഇവിടെ വിശുദ്ധ കുർബ്ബാന അർപ്പിക്കുകയുണ്ടായി. കുർബ്ബാനമദ്ധ്യേ ജോഷാ ശെമ്മാശൻ പ്രസംഗിക്കുകയുണ്ടായി. പത്തര മണിയോടു കൂടി കുർബ്ബാന കഴിഞ്ഞ് നാം വിശ്രമിച്ചു.

20 തിങ്കൾ. കാതോലിക്കേറ്റ് അരമന. മിസ്സസ് ലൂക്കോസ് വന്നിരുന്നു. അവർ പണികഴിപ്പിച്ച ആഫീസ് കെട്ടിടവും മറ്റും കണ്ടശേഷം പോകയും ചെയ്തു. വൈകിട്ട് എട്ടു മണിയോടു കൂടി ട്രെയിനിൽ കോട്ടയത്തെത്തിയ തേവോദോസിയോസ് മെത്രാപ്പോലീത്താ ദേവലോകം അരമനയിൽ വന്നു നമ്മോടു കൂടി താമസിച്ചു. മല്പാൻ യോഹന്നാൻ കത്തനാർ ഇവിടെ ഉണ്ടായിരുന്നു.

21 ചൊവ്വ. കാതോലിക്കേറ്റ് അരമന. നാം സുഖമായി താമസിച്ചു. തേവോദോസിയോസ് മെത്രാച്ചൻ ഇവിടെ ഉണ്ടായിരുന്നു. മല്പാൻ യോഹന്നാൻ കത്തനാരും ഇവിടെ നമ്മോടു കൂടി താമസിച്ചിരുന്നു. സന്ധ്യാനമസ്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

22 ബുധൻ. അഞ്ചു മണിയോടു കൂടി കൂറിലോസ് മെത്രാച്ചൻ വന്നിരുന്നു. സന്ധ്യാനമസ്കാരം കഴിഞ്ഞ് ഓതറ ദയറായിലേക്കു പോകയും ചെയ്തു. എട്ടു മണിയോടു കൂടി ദീവന്നാസിയോസ് മെത്രാച്ചൻ വന്നിരുന്നു. പത്തനാപുരം ദയറായിലുള്ള രണ്ടു പേർക്കു ബഥനി അരമനയിൽ വച്ച് 26-നു ഞായറാഴ്ച പട്ടം കൊടുക്കണം എന്ന് അറിയിച്ചു. നാം അത് സമ്മതിച്ചു. ഒമ്പതര മണിയോടു കൂടി തിരുവല്ലായ്ക്കു പോകയും ചെയ്തു. തേവോദോസിയോസ് മെത്രാച്ചൻ നമ്മോടു കൂടി താമസിച്ചു. മൂലവട്ടത്തു നിന്ന് അബ്രഹാം കത്തനാർ വന്നിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടു കൂടി താമസിച്ചു.

23 വ്യാഴം. കാതോലിക്കേറ്റ് അരമന. മൂന്നര മണിയോടു കൂടി പീലക്സിനോസ് മെത്രാച്ചൻ വന്നിരുന്നു. ഉടൻ പോകയും ചെയ്തു. തേവോദോസിയോസ് മെത്രാച്ചനു റൂമേനിയൻ സമ്മാനങ്ങൾ മുഴുവനും കൊടുത്തു. തേവോദോസിയോസ് മെത്രാച്ചനും മല്പാൻ യോഹന്നാൻ കത്തനാരും കൂടി തിരുവല്ലാ ബാലികാമഠത്തിലേക്കു പോയി. പഴയസെമിനാരി മാനേജർ വന്നിരുന്നു. കേസ് സംബന്ധമായ കാര്യങ്ങൾ നമ്മെ അറിയിച്ചു. കമ്മിറ്റി വിളിച്ചുകൂട്ടുന്ന കാര്യം നാം പറഞ്ഞു. അപ്രകാരം ചെയ്യാമെന്ന് പറഞ്ഞു.

24 വെള്ളി. കാതോലിക്കേറ്റ് അരമന. ഗബ്രിയേൽ കത്തനാർ വന്നിരുന്നു. മൂലവട്ടത്തു നിന്ന് അബ്രഹാം കത്തനാർ വന്ന് നമ്മോടു കൂടി താമസിച്ചു.

25 ശനി. കാതോലിക്കേറ്റ് അരമന. രണ്ടു മണിയോടു കൂടി തിരുവല്ലാ ബഥനിയിലേക്കു പോയി. മൂന്നര മണിയോടു കൂടി അവിടെ എത്തി ലുത്തിനിയാ കഴിഞ്ഞ് നാം വിശ്രമിച്ചു. ദീവന്നാസിയോസ് മെത്രാച്ചനുമുണ്ടായിരുന്നു. രാത്രി 9 മണിയോടു കൂടി പത്തനാപുരം ദയറായിലെ പട്ടം കൊടുക്കേണ്ട രണ്ടു പേർക്ക് കുപ്പായം വാഴ്ത്തിക്കൊടുത്തു. അവർ പള്ളിയിൽ പ്രാർത്ഥിക്കുന്നതിനായി പോയി. മല്പാൻ യോഹന്നാൻ കത്തനാരും നമ്മോടു കൂടി താമസിച്ചു.

26. ഞായർ. കാതോലിക്കേറ്റ് അരമന. ഏഴു മണിയോടു കൂടി നമസ്കാരം ആരംഭിച്ചു. നാം വി. കുർബ്ബാന അർപ്പിച്ചു. ദീവന്നാസിയോസ് മെത്രാനും കുർബ്ബാനയിൽ സംബന്ധിച്ചു. കുർബ്ബാനമദ്ധ്യേ പട്ടംകൊട ശുശ്രൂഷ ആരംഭിച്ചു. പത്തര മണിയോടു കൂടി കുർബ്ബാനയും കഴിഞ്ഞ് നാം വിശ്രമിച്ചു. മല്പാൻ യോഹന്നാൻ കത്തനാരും സഖറിയാ കത്തനാരും ഉണ്ടായിരുന്നു. നാലര മണിയോടു കൂടി നാം ദേവലോകത്തേക്കു പോരുകയും ചെയ്തു. അബ്രഹാം കത്തനാർ ഇവിടെ നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്കാരം കഴിഞ്ഞ് വിശ്രമിച്ചു.

27 തിങ്കൾ. കാതോലിക്കേറ്റ് അരമന. പഴയസെമിനാരി മാനേജർ വി. കുർബ്ബാന ചൊല്ലുകയും നാം കുർബ്ബാനയിൽ സംബന്ധിക്കുകയും കുർബ്ബാന കഴിഞ്ഞ് തിരുവല്ലാ പെരക്കൽ ചാക്കോച്ചന്റെ മകൻ അനിയന്റെ കുട്ടിയെ മാമോദീസാ മുക്കുകയും ചെയ്തു. മണലിൽ യാക്കോബ് കത്തനാരും ഉണ്ടായിരുന്നു. ഒമ്പതു മണിയോടു കൂടി ശുശ്രൂഷ കഴിഞ്ഞു. മൂന്നു മണിയോടു കൂടി കേസിന്റെ നടത്തിപ്പിന്റെ കാര്യങ്ങൾ ആലോചിക്കുന്നതിനായി കമ്മിറ്റി നമ്മുടെ അദ്ധ്യക്ഷതയിൽ കൂടി. അത്താനാസിയോസ് മെത്രാച്ചനും സംബന്ധിച്ചിരുന്നു. കമ്മിറ്റിയംഗങ്ങൾ സന്നിഹിതരായിരുന്നു. മത്തായി കത്തനാരും അബ്രഹാം കത്തനാരും നമ്മോടുകൂടി താമസിച്ചു.

28 ചൊവ്വ. നാം നാം സുഖമായി താമസിച്ചു. മണലിൽ യാക്കോബ് കത്തനാരും പഴയസെമിനാരി മാനേജരും വന്നിരുന്നു. മത്തായി കത്തനാർ പള്ളത്തിന് നമ്മുടെ അനുവാദത്തോടു കൂടി പോയി. മല്പാൻ യോഹന്നാൻ കത്തനാരും അബ്രഹാം കത്തനാരും നമ്മോടു കൂടി താമസിച്ചു.

29 ബുധൻ. കാതോലിക്കേറ്റ് അരമന. പത്തനംതിട്ട നിന്നും ഗീവർഗ്ഗീസ് കത്തനാർ പട്ടം കൊടുക്കുന്നതിനായി പാലുമൂട്ടിൽ ജോർജ്ജിനെയും കൊണ്ടു വന്നു. പരുമല നിന്നും മാനേജർ പാലുമൂട്ടിൽ വടക്കേതിൽ ജേക്കബിനെയും കൊണ്ടുവന്നു. ജോഷാ ശെമ്മാശനും തോമസ് ശെമ്മാശനും വന്നിരുന്നു. രാത്രി ഒമ്പതു മണിയോടു കൂടി പട്ടം ഏൽക്കുന്ന ശെമ്മാശന്മാർക്കു നാം വേണ്ട ഗുണദോഷങ്ങൾ കൊടുക്കുകയും കുപ്പായം വാഴ്ത്തി കൊടുത്തു, പള്ളിയിൽ പോയി ധ്യാനിക്കയും മറ്റും ചെയ്യാൻ പറഞ്ഞു. മത്തായി കത്തനാരും മല്പാൻ യോഹന്നാൻ കത്തനാരും നമ്മോടു കൂടി താമസിച്ചു.

30 വ്യാഴം. കാതോലിക്കേറ്റ് അരമന. സ്വർഗ്ഗാരോഹണ പെരുന്നാൾ ആയിരുന്നു. ഏഴു മണിയോടു കൂടി നാം വി. കുർബ്ബാന അർപ്പിക്കയും കുർബ്ബാന മദ്ധ്യേ പട്ടംകൊട ശുശ്രൂഷ ആരംഭിക്കയും ചെയ്തു. ജോഷാ ശെമ്മാശനും തോമസ് ശെമ്മാശനും കശ്ശീശ്ശാ സ്ഥാനം കൊടുക്കയും മറ്റുള്ളവരെ ശെമ്മാശന്മാരാക്കുകയും ചെയ്തു. അത്താനാസിയോസ് മെത്രാച്ചനും അനവധി പട്ടക്കാരും ശെമ്മാശന്മാരും ശുശ്രൂഷയിൽ സംബന്ധിച്ചു. 11 മണിയോടു കൂടി കുർബ്ബാന കഴിഞ്ഞു. എം. വി. ജോർജ് കത്തനാർ കുറച്ചുസമയം പ്രസംഗിച്ചു. അതിനുശേഷം പുതിയ പട്ടക്കാരെയും ശെമ്മാശന്മാരെയും ആഘോഷപൂർവ്വം കൊണ്ടുവരുകയും നാം അവരെ അനുഗ്രഹിക്കയും ചെയ്തു. മത്തായി കത്തനാരും മല്പാൻ യോഹന്നാൻ കത്തനാരും അബ്രഹാം കത്തനാരും നമ്മോടു കൂടി താമസിച്ചു.

31 വെള്ളി. കാതോലിക്കേറ്റ് അരമന. നാം സുഖമായി താമസിച്ചു. പഴയ സെമിനാരി മാനേജർ വന്നിരുന്നു. പയ്യമ്പള്ളി ദാവീദ് കത്തനാരും കുന്നംകുളം തെക്കേക്കര ദാവീദ് കത്തനാരും മല്പാൻ യോഹന്നാൻ കത്തനാരും നമ്മോടു കൂടി താമസിച്ചു.

1957 ജൂൺ

ജൂൺ 1. ശനി. കാതോലിക്കേറ്റ് അരമന. നാം സുഖമായി താമസിച്ചു. പഴയസെമിനാരി മാനേജർ വന്നിരുന്നു. മത്തായി കത്തനാർ പള്ളം പള്ളിയിലേക്കു നമ്മുടെ അനുവാദത്തോടു കൂടി പോയി. ഫീലിപ്പോസ് കത്തനാർ വന്നിരുന്നു. ഈവാനിയോസ് മെത്രാച്ചൻ മൂന്നു മണിയോടു കൂടി വന്നിരുന്നു. സ്കൂൾ സംബന്ധമായ ചില കാര്യങ്ങൾ നമ്മെ അറിയിച്ചു. ആറു മണിയോടു കൂടി ദീവന്നാസിയോസ് മെത്രാച്ചൻ വന്നിരുന്നു. മേശ കഴിഞ്ഞ് രാത്രിയിൽ തന്നെ തിരുവല്ലായ്ക്കു പോയി. മല്പാൻ യോഹന്നാൻ കത്തനാരും ജോഷാ കത്തനാരും നമ്മോടു കൂടി താമസിച്ചു.

2 ഞായർ. കാതോലിക്കേറ്റ് അരമന. ഏഴു മണിയോടു കൂടി പ്രഭാതനമസ്കാരം ആരംഭിച്ചു. നാം വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാന കഴിഞ്ഞ് ജോഷാ കത്തനാർ പ്രസംഗിച്ചു. കുർബ്ബാന കഴിഞ്ഞ് നാം വിശ്രമിച്ചു. മല്പാൻ യോഹന്നാൻ കത്തനാർ മാങ്ങാനം പള്ളിയിൽ പോയി വി. കുർബ്ബാന അർപ്പിച്ചു. ഒരു മണിയോടു കൂടി വന്ന് നമ്മോടുകൂടി താമസിച്ചു.

3 തിങ്കൾ. കാതോലിക്കേറ്റ് അരമന. നാം രണ്ടു മണിയോടു കൂടി പഴയ സെമിനാരിയിൽ പോകയും അവിടെ അല്പസമയം വിശ്രമിക്കയും ചെയ്തു. അതിനുശേഷം മാളിയേക്കലെ മാത്തുക്കുട്ടിയുടെ സുഖക്കേട് കാണുന്നതിനായി

പോകയും പ്രാർത്ഥന കഴിഞ്ഞ് ദേവലോകത്തേക്കു പോരുകയും ചെയ്തു. മല്പാൻ യോഹന്നാൻ കത്തനാരും പഴയസെമിനാരി മാനേജരും നമ്മോടു കൂടി ഉണ്ടായിരുന്നു. ഗബ്രിയേൽ കത്തനാരും മത്തായി കത്തനാരും ജോഷ്വാ കത്തനാരും നമ്മോടു കൂടി താമസിച്ചു.

4 ചൊവ്വ. കാതോലിക്കേറ്റ് അരമന. മല്പാൻ യോഹന്നാൻ കത്തനാരും മത്തായി കത്തനാരും നമ്മോടു കൂടി താമസിച്ചു. ജോഷ്വാ കത്തനാർ നമ്മുടെ അനുവാദത്തോടു കൂടി മാവേലിക്കരയ്ക്കു പോയി. ഫീലിപ്പോസ് കത്തനാർ അമേരിക്കയ്ക്കു പോകുന്നതിന് നമ്മോടു യാത്ര ചോദിക്കുന്നതിനായി വന്നിരുന്നു. അനുഗ്രഹിച്ച് യാത്ര പറഞ്ഞയച്ചു.

5 ബുധൻ. കാതോലിക്കേറ്റ് അരമന. നാം സുഖമായി താമസിച്ചു. മൂലവട്ടത്തു നിന്ന് അബ്രഹാം കത്തനാർ വന്നു നമ്മോടു കൂടി താമസിച്ചു. മത്തായി കത്തനാർ ഇവിടെ ഉണ്ടായിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ വീട്ടിലേക്കു പോയി. സന്ധ്യാനമസ്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

6 വ്യാഴം. കാതോലിക്കേറ്റ് അരമന. ഇന്ന് കൗൺസിൽ ഉണ്ടായിരുന്നു. ഈവാനിയോസ് മെത്രാച്ചനും അത്താനാസിയോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും വന്നിരുന്നു. അഞ്ചു മണിയോടു കൂടി കൗൺസിൽ കഴിഞ്ഞു. ഗീവർഗീസ് റമ്പാച്ചൻ നമ്മെ കാണുന്നതിനായി വരുകയും ഉടനെതന്നെ പോകയും ചെയ്തു. പഴയസെമിനാരി മാനേജർ വന്നിരുന്നു. മല്പാൻ യോഹന്നാൻ കത്തനാരും മത്തായി കത്തനാരും നമ്മോടു കൂടി താമസിച്ചു.

7 വെള്ളി. കാതോലിക്കേറ്റ് അരമന. ഈവാനിയോസ് മെത്രാച്ചൻ വന്നിരുന്നു. സമുദായക്കേസിന്റെ ആവശ്യത്തിലേയ്ക്കു പണപിരിവിനു പോകയാണ് എന്ന് അറിയിച്ചു. ഉടനെ തന്നെ പോകയും ചെയ്തു. പഴയസെമിനാരി മാനേജരും മെത്രാച്ചന്റെ കൂടെ പിരിവിനു പോയി. മത്തായി കത്തനാർ പള്ളത്ത് കുർബ്ബാന ചൊല്ലുന്നതിനായി പോയി. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടു കൂടി താമസിച്ചു.

8 ശനി. കാതോലിക്കേറ്റ് അരമന. മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബ്ബാന ചൊല്ലുകയും പൂപ്പള്ളി കുട്ടിയച്ചന്റെ മകന്റെ കുട്ടിയെ നാം മാമോദീസാ മുക്കുകയും ചെയ്തു. ആലപ്പുഴ നിന്നും തോമസ് കത്തനാരും വന്നിരുന്നു. കടമ്പനാട്ടു നിന്നും അബ്രഹാം കത്തനാർ വന്നിരുന്നു. പള്ളത്തു നിന്നും തോമസ് കത്തനാർ വന്ന് നമ്മോടു കൂടി താമസിച്ചു. കുന്നന്താനത്തു നിന്നും മാത്യൂസ് കത്തനാർ വന്ന് കല്യാണത്തിനു ചെല്ലുന്ന കാര്യം നമ്മെ അറിയിച്ചു.

9 ഞായർ. കാതോലിക്കേറ്റ് അരമന. ഇന്ന് പെന്തിക്കോസ്തി പെരുന്നാൾ ആയിരുന്നു. മല്പാൻ യോഹന്നാൻ കത്തനാർ വി. കുർബ്ബാന ചൊല്ലുകയും ശുശ്രൂഷകൾ നാം നടത്തുകയും ചെയ്തു. പതിനൊന്നര മണിയോടു കൂടി കുർബ്ബാനയും കഴിഞ്ഞ് നാം വിശ്രമിച്ചു. രണ്ടു മണിയോടു കൂടി ഏലിയാ ചാപ്പലിൽ വാർഷിക മീറ്റിംഗിൽ സംബന്ധിക്കുന്നതിനായി പോകയും നമ്മുടെ അദ്ധ്യക്ഷതയിൽ മീറ്റിംഗ് ആരംഭിക്കുകയും ചെയ്തു. ഈവാനിയോസ് മെത്രാച്ചനും ഉണ്ടായിരുന്നു. മീറ്റിംഗ് തീരുന്നതിനു മുമ്പ് നാം പോരുകയും അത്താനാസിയോസ് മെത്രാച്ചനെ കണ്ട ശേഷം ദേവലോകത്ത് നാലു മണിയോടു കൂടി വന്നുചേരുകയും ചെയ്തു. മല്പാൻ യോഹന്നാൻ കത്തനാരും മത്തായി കത്തനാരും പള്ളത്തു തോമസ് കത്തനാരും നമ്മോടു കൂടി താമസിച്ചു.

10 തിങ്കൾ. കാതോലിക്കേറ്റ് അരമന. എട്ടു മണിയോടു കൂടി നാം കുന്നന്താനത്തു കല്യാണം നടത്തിക്കൊടുക്കുന്നതിനായി പോകയും പത്തു മണിയോടു കൂടി വെള്ളമല പള്ളിയിൽ എത്തി വിശ്രമിക്കുകയും ചെയ്തു. പത്തര മണിയോടു കൂടി വിവാഹകൂദാശ ആരംഭിച്ചു. പതിനൊന്നര മണിയോടുകൂടി തീർന്നു. തേവർവേലി മാത്യൂസ് കത്തനാരും ഈപ്പൻ കത്തനാരും ഉണ്ടായിരുന്നു. ഒരു മണിയോടു കൂടി പുതുശ്ശേരി സ്കൂളിലേക്കു നാം പോകയും പുതുതായി പണിത സ്ഥാപനങ്ങൾ കാണുകയും മൂന്നു മണിയോടു കൂടി അവിടെനിന്നും തിരിച്ച് ദേവലോകത്തിന് പോന്നു. നാലര മണിയോടു കൂടി ദേവലോകത്തു വന്നുചേർന്നു. മല്പാൻ യോഹന്നാൻ കത്തനാർ നമ്മോടു കൂടി താമസിച്ചു.

11 ചൊവ്വ. കാതോലിക്കേറ്റ് അരമന. നാം സുഖമായി താമസിച്ചു. റ്റി. എസ്. അബ്രഹാം കോർഎപ്പിസ്ക്കോപ്പാ വന്നിരുന്നു. സ്കൂൾ സംബന്ധമായ കാര്യങ്ങൾ നമ്മെ അറിയിച്ചു. പഴയസെമിനാരി മാനേജർ വന്നിരുന്നു. മല്പാൻ യോഹന്നാൻ കത്തനാരും മത്തായി കത്തനാരും നമ്മോടു കൂടി താമസിച്ചു.

12 ബുധൻ. കാതോലിക്കേറ്റ് അരമന. പഴയസെമിനാരി മാനേജർ വന്നിരുന്നു. മൂലവട്ടത്തു നിന്നും അബ്രഹാം കത്തനാർ വന്നിരുന്നു. മല്പാൻ യോഹന്നാൻ കത്തനാരും അബ്രഹാം കത്തനാരും നമ്മോടു കൂടി താമസിച്ചു.

13 വ്യാഴം. കാതോലിക്കേറ്റ് അരമന. നാം സുഖമായി താമസിച്ചു. രണ്ടു മണിയോടു കൂടി ഈവാനിയോസ് മെത്രാച്ചൻ വന്നിരുന്നു. ഉടൻതന്നെ പോകയും ചെയ്തു. പള്ളത്തെ തോമസ് കത്തനാരും മത്തായി കത്തനാരും ജോഷ്വാ കത്തനാരും മല്പാൻ യോഹന്നാൻ കത്തനാരും നമ്മോടു കൂടി താമസിച്ചു.

14 വെള്ളി. പള്ളത്ത് തോമസ് കത്തനാർ വി. കുർബ്ബാന അർപ്പിക്കയും നാം കുർബ്ബാനയിൽ സംബന്ധിക്കയും ചെയ്തു. സ്വർണ്ണ വെള്ളിയാഴ്ച ആയിരുന്നു. മല്പാൻ യോഹന്നാൻ കത്തനാരും ജോഷ്വാ കത്തനാരും മത്തായി കത്തനാരും കുർബ്ബാനയിൽ സംബന്ധിച്ചു. മത്തായി കത്തനാരും ജോഷ്വാ കത്തനാരും മല്പാൻ യോഹന്നാൻ കത്തനാരും നമ്മോടു കൂടി താമസിച്ചു. കുണ്ടറ നിന്നും ജേക്കബ് കത്തനാർ വന്ന് നമ്മോടു കൂടി താമസിച്ചു.

15 ശനി. പത്തനംതിട്ട കോളജിന്റെ ബോർഡ് മീറ്റിംഗ് നമ്മുടെ അദ്ധ്യക്ഷതയിൽ കാതോലിക്കേറ്റ് ഓഫീസിൽ വച്ച് കൂടി. അത്താനാസിയോസ് മെത്രാച്ചനും ഈവാനിയോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും ബോർഡിലെ അംഗങ്ങളും മീറ്റിംഗിൽ സംബന്ധിച്ചു. 5 മണിയോടു കൂടി മീറ്റിംഗ് കഴിഞ്ഞു. പീലക്സിനോസ് മെത്രാച്ചനും യോഹന്നാൻ കത്തനാരും പള്ളത്ത് പോകയും ജോഷ്വാ കത്തനാർ കാരാപ്പുഴ നടത്തുന്നതിനായി നമ്മുടെ അനുവാദത്തോടു കൂടി പോകയും ചെയ്തു. സന്ധ്യാനമസ്കാര ശേഷം നാം വിശ്രമിച്ചു.

16 ഞായർ. ഇന്ന് നമ്മുടെ ജന്മദിവസം ആയിരുന്നു. അതിനാൽ വിശുദ്ധ മൂന്നിന്മേൽ കുർബ്ബാന അർപ്പിക്കയും ചെയ്തു. അത്താനാസിയോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും കുർബ്ബാന അർപ്പിച്ചു. ഈവാനിയോസ് മെത്രാച്ചൻ കുർബ്ബാനയിൽ സംബന്ധിച്ചു. കുർബ്ബാന കഴിഞ്ഞ് അത്താനാസിയോസ് മെത്രാച്ചൻ അര മണിക്കൂർ പ്രസംഗിച്ചു. പത്തര മണിയോടു കൂടി കുർബ്ബാന കഴിഞ്ഞ് നാം വിശ്രമിച്ചു. പീലക്സിനോസ് മെത്രാച്ചനും ഈവാനിയോസ് മെത്രാച്ചനും മേശ കഴിഞ്ഞ് ഉടനെ പോകയും ചെയ്തു.

ഉച്ചയ്ക്കു രണ്ടര മണിയോടു കൂടി നമ്മുടെ അദ്ധ്യക്ഷതയിൽ സണ്ടേസ്കൂൾ വാർഷിക മീറ്റിംഗ് ആരംഭിച്ചു. അത്താനാസിയോസ് മെത്രാച്ചനും സംബന്ധിച്ചു. ജോഷ്വാ കത്തനാർ പ്രസംഗിച്ചു. നാലു മണിയോടു കൂടി മീറ്റിംഗ് കഴിഞ്ഞു. സണ്ടേസ്കൂൾ കുട്ടികൾക്ക് മധുരഫലം (പാച്ചോറ്) കൊടുക്കുകയും സാധുക്കൾക്ക് അന്നദാനം കൊടുക്കുകയുമുണ്ടായി. സന്ധ്യാനമസ്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു. ജോഷ്വാ കത്തനാരും മല്പാൻ യോഹന്നാൻ കത്തനാരും ജോൺ കത്തനാരും നമ്മോടു കൂടി താമസിച്ചു.

17 തിങ്കൾ. നാം സുഖമായി താമസിച്ചു. മൂലവട്ടത്തു നിന്ന് അബ്രഹാം കത്തനാർ വന്നിരുന്നു. ചെറിയപള്ളി വികാരി ഗബ്രിയേൽ കത്തനാരും വന്നിരുന്നു. യോഹന്നാൻ കത്തനാരും അബ്രഹാം കത്തനാരും നമ്മോടു കൂടി താമസിച്ചു.

18 ചൊവ്വ. പഴയസെമിനാരി മാനേജർ വന്നിരുന്നു. മല്പാൻ യോഹന്നാൻ കത്തനാരും മത്തായി കത്തനാരും നമ്മോടു കൂടി താമസിച്ചു.

19 ബുധൻ. അഞ്ചു മണിയോടു കൂടി മല്പാൻ യോഹന്നാൻ കത്തനാരെ മൂവാറ്റുപുഴയ്ക്കു അയച്ചു. തീമോത്തിയോസ് മെത്രാച്ചന്റെ അസുഖത്തെപ്പറ്റി അറിയുന്നതിനുവേണ്ടി ആണ് പോയത്. മത്തായി കത്തനാർ നമ്മോടു കൂടി താമസിച്ചു.

20 വ്യാഴം. ഇന്ന് കൗൺസിൽ ഉണ്ടായിരുന്നു. ഈവാനിയോസ് മെത്രാച്ചനും പീലക്സിനോസ് മെത്രാച്ചനും അത്താനാസിയോസ് മെത്രാച്ചനും വന്നിരുന്നു. പരുമല നിന്നും മാനേജർ വന്നിരുന്നു. പഴയസെമിനാരി മാനേജരും വന്നിരുന്നു. മൂലവട്ടത്തു നിന്നും അബ്രഹാം കത്തനാരും വന്നിരുന്നു. മത്തായി കത്തനാരും നമ്മോടു കൂടി താമസിച്ചു.

21 വെള്ളി. നാം സുഖമായി താമസിച്ചു. പഴയസെമിനാരി മാനേജരും മണലിൽ യാക്കോബ് കത്തനാരും വന്നിരുന്നു. സി. പി. മാത്തൻ നമ്മെ കാണുന്നതിനായി വന്നിരുന്നു. മല്പാൻ യോഹന്നാൻ കത്തനാരും ജോഷ്വാ കത്തനാരും അബ്രഹാം കത്തനാരും നമ്മോടു കൂടി താമസിച്ചു. സന്ധ്യാനമസ്കാരം കഴിഞ്ഞ് നാം വിശ്രമിച്ചു.

(തുടരും)

ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ വിജയിച്ച മലങ്കരസഭാംഗങ്ങൾ

ബ്ലോക്ക് പഞ്ചായത്ത്

ഭരണിക്കാവ്



അനു ബിജു
കരിമുളയ്ക്കൽ ഡിവിഷൻ
കരിമുളയ്ക്കൽ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളി

കൊട്ടാരക്കര



ആതിര ജോൺസൺ
തൃപ്പിലഴികം ഡിവിഷൻ
കുണ്ടറ നെടുമ്പായിക്കുളം സെന്റ് മേരീസ് പള്ളി

മല്ലപ്പള്ളി



സി പി മാത്യു
കല്ലൂപ്പാറ ഡിവിഷൻ
കല്ലൂപ്പാറ സെന്റ് മേരീസ് ഓർത്തഡോക്സ് വലിയപള്ളി

പന്തളം



ഷീജ മോനച്ചൻ
കുളനട ഡിവിഷൻ
മാന്തളിർ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി



സജി വർഗ്ഗീസ്
ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്
ഓമല്ലൂർ ഡിവിഷൻ
മുള്ളനിക്കാട് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി



രെഞ്ചു എം ജോയ്
പന്തളം ബ്ലോക്ക് പഞ്ചായത്ത്
തുമ്പമൺ ഡിവിഷൻ
തുമ്പമൺ സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ



എബി മേക്കരിങ്ങാട്ട്
മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്
മടുക്കോലി ഡിവിഷൻ
കൈപ്പറ്റ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി



അഖിൽ പേഴുംമൂടൻ
മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്
വാകത്താനം ഡിവിഷൻ
വാകത്താനം സെന്റ് ജോൺസ് ഓർത്തഡോക്സ് വലിയപള്ളി

ഗ്രാമ പഞ്ചായത്ത്



ഷീബ ഉമ്മൻ
വാകത്താനം ഗ്രാമപഞ്ചായത്ത്
പൊങ്ങന്താനം സെന്റ് തോമസ് ഓർത്തഡോക്സ് ഇടവക



മനോജ് ജേക്കബ്
വാകത്താനം ഗ്രാമപഞ്ചായത്ത്
പൊങ്ങന്താനം സെന്റ് തോമസ് ഓർത്തഡോക്സ് ഇടവക



ഷാജി മാത്യു
കടപ്ര ഗ്രാമ പഞ്ചായത്ത്
വളഞ്ഞവട്ടം സെന്റ് മേരീസ് പള്ളി



സിബി
മൈലപ്ര ഗ്രാമപഞ്ചായത്ത്
മൈലപ്ര സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി

ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ വിജയിച്ച മലങ്കരസഭാംഗങ്ങൾ

ഗ്രാമ പഞ്ചായത്ത്



ബെൽജി മാത്യൂ
പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്
പൈങ്ങോട്ടൂർ സെന്റ് മേരീസ് ഓർത്തഡോക്സ് മഹാ ഇടവകാംഗം.



ജെഫി ജോസഫ്
മുളക്കുളം ഗ്രാമപഞ്ചാത്ത്
മുളക്കുളം മണ്ണൂക്കുന്ന് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗം.



ബാബു ഫിലിപ്പോസ്
പട്ടാഴി ഗ്രാമപഞ്ചായത്ത്
പട്ടാഴി പന്തപ്ലാവ് സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകാംഗം.



സുബിൻ പി തോമസ്
പട്ടാഴി ഗ്രാമപഞ്ചായത്ത്
പട്ടാഴി പന്തപ്ലാവ് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം.




സിസി ശാമുവേൽ
വെൺമണി ഗ്രാമപഞ്ചായത്ത്
വെൺമണി സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകാംഗം.



ജിൽഷ ഷാജി
കോന്നി ഗ്രാമപഞ്ചായത്ത്
അട്ടച്ചാക്കൽ മാർ പീലക്സിനോസ് ഓർത്തഡോക്സ് വലിയ പള്ളി



ജോബി പൗലോസ്
മുളക്കുളം ഗ്രാമപഞ്ചാത്ത്
മുളക്കുളം മണ്ണൂക്കുന്ന് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ



ജെസ്സി വർഗ്ഗീസ്
മുളക്കുളം ഗ്രാമപഞ്ചായത്ത്
മുളക്കുളം മണ്ണൂക്കുന്ന് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗം



സൂസമ്മ തോമസ്
പുലിയൂർ ഗ്രാമപഞ്ചായത്ത്
തോനയ്ക്കാട് സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി



ജെസ്സി കോശി
കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്
തെക്കേ മങ്കുഴി സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവക.



അഡ്വ. അനു ജെ. ബേബി
തലവൂർ ഗ്രാമപഞ്ചായത്ത്
വടകോട് സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളി



ജേക്കബ് കോര കുളത്തുംപറമ്പിൽ
പനച്ചിക്കാട് ഗ്രാമപഞ്ചായത്ത്
കൊല്ലാട് സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളി

ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ വിജയിച്ച മലങ്കരസഭാംഗങ്ങൾ

നഗരസഭ, ഗ്രാമ പഞ്ചായത്ത്



തോമസ് എബ്രഹാം
മാരാമൺ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്
മാരാമൺ മർത്തമറിയം ഓർത്തഡോക്സ് പഴയ സുറിയാനി പള്ളി



അഡ്വ. ജോസ് കളീക്കൽ
അടൂർ നഗരസഭ
മലങ്കരസഭാ മാനേജിങ് കമ്മറ്റി അംഗമാണ്.
പറക്കോട് മാർ അപ്രേം ഓർത്തഡോക്സ് പള്ളി



അബു എബ്രഹാം വീരപ്പള്ളി
പള്ളിക്കൽ പഞ്ചായത്ത്
കടമാൻകുളം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി



അനിൽ തോമസ്
പള്ളിപ്പാട് ഗ്രാമപഞ്ചായത്ത്
പള്ളിപ്പാട് സെന്റ് ജോർജ് ഓർത്തഡോക്സ് കാതോലിക്കേറ്റ് സിംഹാസന പള്ളി



ബിജിമോൾ മാത്യൂസ്
പത്തനംതിട്ട നഗരസഭ
കുമ്പഴ സെന്റ് മേരീസ് ഓർത്തഡോക്സ് വലിയ കത്തീഡ്രൽ



ജോയമ്മ സൈമൺ
പത്തനംതിട്ട നഗരസഭ
വെട്ടിപ്പുറം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി



അന്നമ്മ എബ്രഹാം
പുതുപ്പള്ളി ഗ്രാമപഞ്ചായത്ത്
പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളി



ശാലിനി തോമസ്
പനച്ചിക്കാട് ഗ്രാമപഞ്ചായത്ത്



ഷീല റോയ്
പോത്താനിക്കാട് ഗ്രാമപഞ്ചായത്ത്
പോത്താനിക്കാട് ഉമ്മിണികുന്ന് സെന്റ് മേരീസ് ഇടവക



ആർദ്ര ആഗ്നസ്
കടപ്ര ഗ്രാമ പഞ്ചായത്ത്
വളഞ്ഞവട്ടം സെന്റ് മേരീസ് പള്ളി



ജോജി സാമുവേൽ
പത്തനംതിട്ട നഗരസഭ
കുമ്പഴ സെന്റ് മേരീസ് ഓർത്തഡോക്സ് വലിയ കത്തീഡ്രൽ



നിർമ്മല വർഗീസ്
ചാത്തന്നൂർ ഗ്രാമപഞ്ചായത്ത്
ചാത്തന്നൂർ വലിയപള്ളി

ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ വിജയിച്ച മലങ്കരസഭാംഗങ്ങൾ

കോർപ്പറേഷൻ, നഗരസഭ, ഗ്രാമ പഞ്ചായത്ത്



രാജൻ മത്തായി
കുളനട ഗ്രാമപഞ്ചായത്ത്
മലങ്കരസഭാ മാനേജിംഗ് കമ്മിറ്റി അംഗമാണ്. മാന്തളിർ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി.




സുജിത് കളീക്കൽ
കുളനട ഗ്രാമപഞ്ചായത്ത്
മാന്തളിർ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി



ലിജി മാത്യു
ഇരവിപേരൂർ പഞ്ചായത്ത്
വള്ളംകുളം സെന്റ് മേരീസ് പള്ളി



സാലി ജെയിംസ്
പടിപ്പുരയ്ക്കൽ
ചെങ്ങന്നൂർ മുനിസിപ്പാലിറ്റി
ബഥേൽ മാർ ഗ്രീഗോറിയോസ് പള്ളി



കെ. ജി. അച്ചൻകുഞ്ഞ്
കായംകുളം ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്ത്
പത്തിച്ചിറ സെന്റ് ജോൺസ് ഓർത്തഡോക്സ് വലിയപള്ളി



അനു കെ. തങ്കച്ചൻ
കൊച്ചി കോർപ്പറേഷൻ
വൈറ്റില സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളി



ലിബു തോമസ്
മേലില ഗ്രാമപഞ്ചായത്ത്
വില്ലൂർ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി



പോൾ കെ രാജൻ
കുളനട ഗ്രാമപഞ്ചായത്ത്
ഉളനാട് സെന്റ് ജോൺസ് ഓർത്തഡോക്സ് വലിയപള്ളി



ജിനേഷ് കെ പോൾ



സാബു വർഗീസ്



കെ. പി. ജെയിംസ്



മിനി സണ്ണി

നാലു പേരും **പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് അംഗങ്ങൾ.** പോത്താനിക്കാട് ഉമ്മിണികുന്ന് സെന്റ് മേരീസ് ഇടവക

ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ വിജയിച്ച മലങ്കരസഭാംഗങ്ങൾ

കോർപ്പറേഷൻ, നഗരസഭ, ഗ്രാമ, ബ്ലോക്ക് പഞ്ചായത്ത്



സെബേറ്റാ വർഗീസ്സ്
ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത്
അയ്യംപറമ്പ് സെന്റ് മേരിസ് ഓർത്തഡോക്സ് പള്ളി



പി. റ്റി. റോയി
നെടുമ്പന ഗ്രാമപഞ്ചായത്ത്
നല്ലില സെന്റ് ഗബ്രിയേൽ സൂബോറോ പള്ളി



റിനീഷ് പുളിവേലിൽ
തണ്ണിത്തോട് ഗ്രാമപഞ്ചായത്ത്
മണ്ണീറ മാർ പീലക്സിനോസ് ഓർത്തഡോക്സ് പള്ളി



ഷൈനി സണ്ണി ചെറിയാൻ
കട്ടപ്പന നഗരസഭ
കട്ടപ്പന സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി



സന്തോഷ് പാപ്പച്ചൻ
പള്ളിക്കൽ ഗ്രാമപഞ്ചായത്ത്
പെരിങ്ങനാട് സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളി



ശ്രീലേഖ മനു
കരുവാറ്റ ഗ്രാമപഞ്ചായത്ത്
കരുവാറ്റ യാകോബ് ബുർദാന പള്ളി



സജിനി ജോൺ
മാവേലിക്കര നഗരസഭ
പുതിയകാവ് സെന്റ് മേരീസ് കത്തീഡ്രൽ ഇടവക



കുഞ്ഞുമോൾ റെജി
ഭരണിക്കാവ് ഗ്രാമപഞ്ചായത്ത്
കറ്റാനം സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് വലിയപള്ളി



ഒ. പൊന്നച്ചൻ
തലവൂർ ഗ്രാമപഞ്ചായത്ത്
കൊല്ലം മഞ്ഞക്കാല മാർ ശെമവൂൻ ദെസ്തുനി ഓർത്തഡോക്സ് പള്ളി



മാത്യു പണിക്കർ
എഴുകോൺ പഞ്ചായത്ത്
മാറനാട് സെന്റ് പീറ്റർഴ്സ് & സെന്റ് പോൾസ് പള്ളി



അഡ്വ. തോമസ് വർഗീസ്
പവിത്രശ്വരം ഗ്രാമപ്പഞ്ചായത്ത്
പുത്തൂർ മാധവശ്ശേരി മാർ തേവോദോറോസ് ഓർത്തഡോക്സ് പള്ളി



പി. ഒ. മാത്യൂസ്
പവിത്രേശ്വരം ഗ്രാമപ്പഞ്ചായത്ത്
പുത്തൂർ മാധവശ്ശേരി മാർ തേവോദോറോസ് പള്ളി

ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ വിജയിച്ച മലങ്കരസഭാംഗങ്ങൾ

കോർപ്പറേഷൻ, നഗരസഭ, ഗ്രാമ പഞ്ചായത്ത്



ജോജി തോമസ്
നെടുമ്പ്രം ഗ്രാമപഞ്ചായത്ത്
അമിച്ചകരി സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി



ഷീജാ മാത്യു
ചെറുകോൽ ഗ്രാമപഞ്ചായത്ത്
കീക്കൊഴൂർ സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളി



ബാബു മണിയനാംകുന്നിൽ
എഴുകോൺ ഗ്രാമപഞ്ചായത്ത്
നെടുമ്പായിക്കുളം സെന്റ് ജോർജ് ഓർത്തഡോക്സ് തീർത്ഥാടന പള്ളി



ഐവാൻ വകയാർ
കോന്നി ഗ്രാമപഞ്ചായത്ത്
വകയാർ സെന്റ് മേരീസ് ഓർത്തഡോക്സ് വലിയപള്ളി



സുനിൽ പി എബ്രഹാം
വാകത്താനം ഗ്രാമപഞ്ചായത്ത്
ഞാലിയാകുഴി മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളി



ജോണിച്ചൻ കോച്ചേരി
വാകത്താനം ഗ്രാമപഞ്ചായത്ത്
വാകത്താനം സെന്റ് ജോൺസ് ഓർത്തഡോക്സ് വലിയപള്ളി



വിനീത സന്തോഷ്
വാകത്താനം ഗ്രാമപഞ്ചായത്ത്
വാകത്താനം ജറുശലേം ഓർത്തഡോക്സ് പള്ളി



അജിൻ കെ. വർഗ്ഗീസ്
പത്തനംതിട്ട നഗരസഭ
വെട്ടിപ്പുറം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി



പുഷ്പ വറുഗീസ്
മുളക്കുഴ ഗ്രാമപഞ്ചായത്ത്
കൊഴുവല്ലൂർ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി



ഷീബാ ജോർജ്
ഇടുക്കി ചക്കുപള്ളം ഗ്രാമ പഞ്ചായത്ത്
ചെല്ലർകോവിൽ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവക



സിബി തോമസ്
കിഴക്കേ കല്ലട ഗ്രാമപഞ്ചായത്ത്
കൊടുവിള മാർ ഏലിയാ ഓർത്തഡോക്സ് പള്ളി



യോഹന്നാൻ ഡാനിയേൽ
മാവേലിക്കര നഗരസഭ
പുതിയകാവ് സെന്റ് മേരീസ് കത്തീഡ്രൽ

ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ വിജയിച്ച മലങ്കരസഭാംഗങ്ങൾ

കോർപ്പറേഷൻ, നഗരസഭ, ഗ്രാമ പഞ്ചായത്ത്



കോശി തുണ്ടുപറമ്പിൽ
മാവേലിക്കര നഗരസഭ
പുതിയകാവ് സെന്റ് മേരീസ് കത്തീഡ്രൽ



ഷീബാ മോൾ
പുനലൂർ മുൻസിപ്പാലിറ്റി
പുനലൂർ ചെമ്മന്തൂർ സെന്റ് ജോൺസ് ഓർത്തഡോക്സ് ഇടവക



ബീന ജോർജ്ജ്
ചെന്നീർക്കര ഗ്രാമ പഞ്ചായത്ത്
പ്രക്കാനം സെന്റ് മേരീസ് ഓർത്തഡോക്സ് വലിയപള്ളി



ബൈജു തങ്കച്ചൻ
ചെന്നീർക്കര ഗ്രാമ പഞ്ചായത്ത്
പ്രക്കാനം സെന്റ് മേരീസ് ഓർത്തഡോക്സ് വലിയപള്ളി



കൊച്ചുമോൾ കോശി
ചെന്നീർക്കര ഗ്രാമ പഞ്ചായത്ത്
തുമ്പമൺ നോർത്ത് സെന്റ് മേരീസ് കാദീശ്ത്താ ഓർത്തഡോക്സ് ഇടവക



ജോജി പിൻഡ്രംകോട്ട്
പാണ്ടനാട് ഗ്രാമപഞ്ചായത്ത്
പാണ്ടനാട് പടിഞ്ഞാറ് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി



റിനോ പി രാജൻ
ഏറത്ത് ഗ്രാമപഞ്ചായത്ത്
അടൂർ കിളിവയൽ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി



സുനി ആലിസ് ഏബ്രഹാം
മാവേലിക്കര നഗരസഭ
പുതിയകാവ് സെന്റ് മേരീസ് കത്തീഡ്രൽ



പുഷ്പമ്മ ബോസ് മാത്യു
ഭരണിക്കാവ് ഗ്രാമപഞ്ചായത്ത്
കറ്റാനം സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് വലിയപള്ളി



ജ്യോതി മറിയം ജോൺ
കൊട്ടാരക്കര മുൻസിപ്പാലിറ്റി
കോട്ടപ്പുറം മാർ ഇഗ്നാത്തിയോസ് പള്ളി



വി. ഫിലിപ്പ്
കൊട്ടാരക്കര മുൻസിപ്പാലിറ്റി
കൊട്ടാരക്കര കോട്ടപ്പുറം മാർ ഇഗ്നാത്തിയോസ് ഓർത്തഡോക്സ് പള്ളി



സോജി പി. ജോൺ
വള്ളിക്കോട് പഞ്ചായത്ത്
കൈപ്പട്ടൂർ സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് മഹാ ഇടവക

ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ വിജയിച്ച മലങ്കരസഭാംഗങ്ങൾ

ജില്ലാ പഞ്ചായത്ത്



ജൂലി സാബു ഓലിക്കൽ
പത്തനംതിട്ട ജില്ലാ പഞ്ചായത്ത്
റാന്നി ഡിവിഷൻ
വയലത്തല മാർ സെവേറിയോസ് സ്ലീബാ ഇടവക

ബ്ലോക്ക് പഞ്ചായത്ത്



മേരി അലക്സ്
ശാസ്താംകോട്ട ബ്ലോക്ക്പഞ്ചായത്ത്
ശൂരനാട് വടക്ക് ഡിവിഷൻ
ശൂരനാട് സെന്റ് മേരീസ് ഓർത്തഡോക്സ് വലിയപള്ളി




ജോൺ പാലയിൽ
തിരുവല്ല ബ്ലോക്ക് പഞ്ചായത്ത്
പുളിക്കീഴ് കണ്ണശ്ശ ഡിവിഷൻ
നിരണം വലിയ പള്ളി



സിബി വർഗീസ്
ഭരണിക്കാവ് ബ്ലോക്ക്പഞ്ചായത്ത്
ഭരണിക്കാവ് ഡിവിഷൻ
കറ്റാനം സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് വലിയപള്ളി

കോർപ്പറേഷൻ, നഗരസഭ, ഗ്രാമ പഞ്ചായത്ത്



കെ. ജി. റോയ്
തൃക്കണ്ണമംഗൽ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി



ആൻസി മോൾ
തൃക്കണ്ണമംഗൽ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി



സുസമ്മ ചാക്കോ
പാലമേൽ ഗ്രാമപഞ്ചായത്ത്
കുടശ്ശനാട് സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് കത്തീഡ്രൽ



തമ്പി കെ. ജോബ്
പോർക്കുളം ഗ്രാമപഞ്ചായത്ത്
ചിറളയം സെന്റ് ലാസറസ് ഓർത്തഡോക്സ് പള്ളി



ലിസ്സി ജോബി
കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത്
ചോഴിയക്കോട് സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവക



ലിസ്സി ലാൽജി
കൊടുമൺ ഗ്രാമപഞ്ചായത്ത്
കൊടുമൺ സെന്റ് ബഹനാൻസ് ഓർത്തഡോക്സ് പള്ളി



ഏലിയാമ്മ വർഗീസ്
പുറമറ്റം ഗ്രാമപഞ്ചായത്ത്
വെണ്ണിക്കുളം സെന്റ് ബഹനാൻസ് ഓർത്തഡോക്സ് വലിയപള്ളി



പി. കെ. വർഗ്ഗീസ്
കൊരട്ടി ഗ്രാമ പഞ്ചായത്ത്
കൊരട്ടി സെന്റ് കുറിയാക്കോസ് ഓർത്തഡോക്സ് ഇടവക

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH
MY LORD AND MY GOD



യെഖൊല്യാ

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)



അനവധി വ്യക്തികളുടെയും സംഭവങ്ങളുടെയും ഒരു മഹത്തായ ചരിത്ര സംഗ്രഹമാണ് ബൈബിൾ. എന്നാൽ അവയിലെ ഓരോ വ്യക്തിയേയും അതിന്റെ വിശദാംശങ്ങളോടെ അവതരിപ്പിക്കുന്നില്ല. ചിലർക്ക് പല അദ്ധ്യായങ്ങളിലായി വിസ്തൃതമായ ചരിത്രം നൽകിയിട്ടുണ്ടെങ്കിലും, ചിലർ ഒരു വാക്യത്തിൽത്തന്നെ ഒതുങ്ങിപ്പോകുന്നു. എന്നാൽ അതിനർത്ഥം അവരുടെ ജീവിതം ചെറുതായിരുന്നു എന്നല്ല; മറിച്ച് അവരുടെ സാന്നിധ്യം ഒരു വലിയ സംഭവത്തിന്റെ നിർണായക ഭാഗമായിരുന്നു എന്നത്രേ. അത്തരത്തിൽ കുറച്ച് വരികളിൽ മാത്രം പറഞ്ഞിട്ടും, ആത്മീയവും ചരിത്രപരവുമായ ഭാരം നിറഞ്ഞ ഒരു പേരാണ് യെഖൊല്യാ.

2 ദിനവൃത്താന്തം 26:3-ൽ ഒരു ചെറിയ പരാമർശം "ഉസ്സീയാവു വാഴ്ച തുടങ്ങിയപ്പോൾ അവന്നു പതിനാറു വയസ്സായിരുന്നു. അവൻ അമ്പത്തിരണ്ടു സംവത്സരം യെരൂശലേമിൽ വാണു. അവന്റെ അമ്മയ്ക്കു യെഖൊല്യാ എന്നു പേർ, അവൾ യെരൂശലേംകാരത്തി ആയിരുന്നു." "അവന്റെ അമ്മ യെഖൊല്യാ യെരൂശലേമുകാരി." എന്ന ഈ ചെറിയ വാചകം യെഖൊല്യാ എന്ന വ്യക്തിയുടെ ജീവിതത്തെക്കുറിച്ച് നമ്മുടെ മനസ്സിൽ നിരവധി വാതിലുകൾ തുറക്കുന്നു.

1. യെഖൊല്യായുടെ പശ്ചാത്തലം

യെഖൊല്യായെക്കുറിച്ച് ബൈബിളിൽ നേരിട്ട് പറയുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം "അവൾ യെരൂശലേമുകാരി" എന്നതാണ്. ഒരു സ്ഥലത്തിന്റെ പേരുപറയുന്നത് ചെറിയ വിവരമെന്നു തോന്നാം; എന്നാൽ അതിന്റെ പിന്നിൽ വലിയ ചരിത്രവും ആത്മീയപാരമ്പര്യവും അടങ്ങിയിരിക്കുന്നു. യെരൂശലേം അന്നത്തെ കാലത്ത് ഒരു സാധാരണ നഗരം മാത്രമല്ല, ദൈവം തന്റെ ജനത്തോടൊപ്പം ഉണ്ടെന്ന വിശ്വാസത്തിന്റെ പ്രത്യേക സ്ഥലം കൂടിയായിരുന്നു. അവിടെ ദൈവാലയം ഉണ്ടായിരുന്നതിനാൽ ജനങ്ങളുടെ ദൈനംദിന ജീവിതം തന്നെ ആരാധനയും ആഘോഷങ്ങളും നിറഞ്ഞതായിരുന്നു. പുരോഹിതന്മാർ ചെയ്യുന്ന യാഗങ്ങൾ, പ്രാർത്ഥനകൾ, ആരാധനാക്രമങ്ങൾ എന്നിവ എല്ലാവരും കാണുകയും അവയിൽ നിന്ന് പഠിക്കുകയും ചെയ്യുമായിരുന്നു. നിയമപെട്ടകം സൂക്ഷിച്ചിരുന്നതിനാൽ ഈ നഗരം ദൈവത്തിന്റെ സാന്നിധ്യത്തിന്റെ പ്രതീകമായി കരുതപ്പെട്ടു. ഇത്തരത്തിലുള്ള സ്ഥലത്ത് വളരുന്ന ഒരു പെൺകുട്ടിക്ക് ബാല്യകാലം മുതൽ ദൈവീകനിയമങ്ങൾ, വിശുദ്ധി, ഇസ്രായേലിന്റെ ചരിത്രം, ദൈവത്തെ ബഹുമാനിക്കേണ്ടതിന്റെ പ്രാധാന്യം എന്നീ കാര്യങ്ങളെക്കുറിച്ച് സ്വാഭാവികമായി അറിയാനും മനസ്സിലാക്കാനും കഴിഞ്ഞിരുന്നു. ഈ അന്തരീക്ഷം അവളുടെ ചിന്തകളെയും മൂല്യങ്ങളെയും വളരെ ആഴത്തിൽ സ്വാധീനിച്ചിരിക്കും.

യെഖൊല്യാ ഒരു പുരോഹിതവംശത്തിൽ നിന്നോ അല്ലെങ്കിൽ മതപരമായി പ്രബലമായ ഒരു കുടുംബത്തിൽ നിന്നോ ആയിരിക്കുമെന്ന് പണ്ഡിതർ കരുതുന്നു. അത് ശരിയാണെങ്കിൽ, അവൾക്ക് ബാല്യത്തിൽ തന്നെ ശാസ്ത്രീയമായ വിശ്വാസപാഠവും ധാർമികതയുടെ മാനദണ്ഡങ്ങളും ഉൾക്കൊണ്ട ഒരു അന്തരീക്ഷം ലഭിച്ചിരിക്കണം. യഹോവയുടെ നിയമങ്ങളിൽ ഉറച്ചുനിൽക്കുന്ന ഒരു കുടുംബത്തിൽ വളർന്ന ഒരു പെൺകുട്ടിയുടെ ജീവിതം എങ്ങനെയൊക്കെ ദൈവകേന്ദ്രീകൃതമാകാം എന്നതു യെഖൊല്യായുടെ ജീവിതത്തിൽ കാണാൻ കഴിയും. യെരൂശലേമിൽ ജനിച്ചു ദൈവഭക്തിയിൽ വിദ്യാഭ്യാസം നേടിയ യെഖൊല്യാ, അവൾ വളർന്ന കുടുംബവും സമൂഹവും ദൈവനിയമങ്ങൾ ജീവിതത്തിന്റെ എല്ലാ മേഖലകളിലും അനുഷ്ഠിക്കുന്നവയായിരുന്നു. മോശെയുടെ ന്യായപ്രമാണപ്രകാരം നിശ്ചയിച്ച ശുചിത്വനിയമങ്ങളായ ശരീരശുദ്ധിയും ആചാരശുദ്ധിയും ഭക്ഷണനിയമങ്ങളും ദിവസേന ജീവിതത്തിൽ കൃത്യമായി പാലിക്കപ്പെട്ടു. വിശുദ്ധവും അശുദ്ധവുമായ കാര്യങ്ങൾ വേർതിരിച്ചറിയാനും ദൈവസന്നിധിയിൽ ശുദ്ധഹൃദയത്തോടെ നിലകൊള്ളാനും അവൾ ബാല്യത്തിൽ തന്നെ പരിശീലിക്കപ്പെട്ടു.

അതുപോലെ തന്നെ, പെസഹ, പെന്തെക്കൊസ്തി, കൂടാരപ്പെരുന്നാൾ തുടങ്ങിയ വിശുദ്ധ ഉത്സവങ്ങൾ വെറും ആചാരങ്ങളായി മാത്രമല്ല, ദൈവത്തിന്റെ ഇടപെടലുകളും നിയമബന്ധവും ഓർമ്മിപ്പിക്കുന്ന ആത്മീയ അവസരങ്ങളായാണ് ആചരിച്ചിരുന്നത്. ഈ ഉത്സവങ്ങളിലൂടെ ദൈവത്തിന്റെ രക്ഷാപ്രവൃത്തികളും വിശ്വാസചരിത്രവും അവൾക്ക് പരിചിതമായി.

ദിനംപ്രതി നടക്കുന്ന കുടുംബപ്രാർത്ഥനകൾ അവളുടെ ആത്മീയജീവിതത്തിന്റെ അടിസ്ഥാനം ആയിരുന്നു. രാവിലെയും വൈകുന്നേരവും കുടുംബം ഒന്നിച്ചു ദൈവസന്നിധിയിൽ നിൽക്കുകയും നന്ദിയും അപേക്ഷയും അർപ്പിക്കുകയും ചെയ്തതിലൂടെ, ദൈവത്തോടുള്ള ആശ്രയവും അനുസരണവും അവളുടെ ജീവിതത്തിൽ സ്വാഭാവികമായി വളർന്നു. ഇങ്ങനെ ശുചിത്വനിയമങ്ങളും വിശുദ്ധ ഉത്സവങ്ങളും കുടുംബപ്രാർത്ഥനകളും ചേർന്ന ഒരു ആത്മീയാന്തരീക്ഷം അവളുടെ സ്വഭാവത്തെയും വിശ്വാസത്തെയും ദൃഢമായി രൂപപ്പെടുത്തി. ബാല്യത്തിൽ തന്നെ അവളുടെ മനസ്സിൽ ദൈവത്തെ ഭയപ്പെടേണ്ടതിന്റെയും അവന്റെ വഴികളിൽ നടക്കേണ്ടതിന്റെയും ആവശ്യം ആഴമായി പതിഞ്ഞിരുന്നു. ആ ആത്മീയവളർച്ച അവളെ ഒരുനാൾ യെഹൂദയുടെ രാജ്ഞിയായി ഉയർന്നപ്പോഴും പിന്നീട് രാജമാതാവായി മാറിയപ്പോഴും ശക്തമായ ആത്മീയ നിലപാടുള്ളവളാക്കി.

അവളുടെ മകൻ ഉസ്സിയാവു വെറും പതിനാറാം വയസ്സിൽ രാജാവായപ്പോൾ, യെഖൊല്യായുടെ ആത്മീയപക്വതയും ദൈവഭക്തിയും അവനിൽ പ്രതിഫലിച്ചതായി ചരിത്രം സൂചിപ്പിക്കുന്നു. ഉസ്സിയാവു തന്റെ യൗവ്വനകാലത്ത് 'ദൈവഭയത്തിൽ അവനെ ഉപദേശിച്ചു വന്ന സെഖര്യാവിന്റെ ആയുഷ്ക്കാലത്ത് അവൻ ദൈവത്തെ അന്വേഷിച്ചു. അവൻ യഹോവയെ അന്വേഷിച്ച കാലത്തോളം ദൈവം അവന്ന് അഭിവൃദ്ധി നൽകി' എന്നു പറയുമ്പോൾ (2 ദിനവൃത്താന്തം 26:5), അതിനു പിന്നിലെ പ്രധാന വ്യക്തികളിൽ ഒരാൾ അവന്റെ അമ്മയായ യെഖൊല്യാ തന്നെയായിരുന്നു എന്ന് മനസ്സിലാക്കാം. ദൈവനിയമങ്ങളെ ആദരിച്ച് ജീവിച്ച ഒരു അമ്മയുടെ ജീവിതമാതൃകയും പരിശീലനവും ഒരു കുട്ടിയുടെ സ്വഭാവവികസനത്തിൽ എത്രത്തോളം സ്വാധീനം ചെലുത്തുന്നു എന്നതാണ് ഇവിടെ വ്യക്തമാക്കുന്നത്.

ദൈവനിയമങ്ങളെ മാനിച്ച് ജീവിക്കുന്ന അമ്മയുടെ ജീവിതം തന്നെ ഒരു ജീവന്തമായ മാതൃകയാണ്. അവളുടെ വാക്കുകളിലും പ്രവൃത്തികളിലും ദൈവഭക്തിയും നീതിബോധവും പ്രതിഫലിക്കും. അത്തരം അമ്മ കുട്ടിയെ വെറും ഉപദേശങ്ങളിലൂടെ മാത്രമല്ല, സ്വന്തം ജീവിതംകൊണ്ടുതന്നെ പഠിപ്പിക്കുന്നു. കുട്ടി അമ്മയുടെ പെരുമാറ്റം അനുകരിക്കുന്നതിനാൽ, അവനിൽ നീതിയോടുള്ള സ്നേഹവും ശരിതെറ്റ് തിരിച്ചറിയുന്ന ബോധവും വളരുന്നു. അതുപോലെ, അമ്മ നൽകുന്ന ക്രമശീലപരമായ പരിശീലനം കുട്ടിയെ ആത്മനിയന്ത്രണത്തിലേക്കും ഉത്തരവാദിത്തബോധത്തിലേക്കും നയിക്കുന്നു. സമയം പാലിക്കൽ, കടമകൾ നിർവഹിക്കൽ, മറ്റുള്ളവരെ ആദരിക്കൽ തുടങ്ങിയ ഗുണങ്ങൾ അവനിൽ വളരുന്നു. ഇത് അവനെ സമൂഹത്തിൽ ഒരു ശീലമുള്ള വ്യക്തിയായി രൂപപ്പെടുത്തുന്നു.

ഇതിനു പുറമെ, ദൈവാനുസരണത്തിൽ ജീവിക്കുന്ന അമ്മ കുട്ടിയെ ദൈവത്തോടുള്ള ഭക്തിയിലും അനുസരണയിലും പരിശീലിപ്പിക്കുന്നു. പ്രാർത്ഥന, ധാർമ്മിക മൂല്യങ്ങൾ, ദൈവവിശ്വാസം എന്നിവ കുട്ടിയുടെ ജീവിതത്തിന്റെ ഭാഗമാകുന്നു. അതിന്റെ ഫലമായി, അവൻ ദൈവഭീതിയോടെ ജീവിക്കുന്ന, നല്ല

തീരുമാനങ്ങൾ എടുക്കുന്ന വ്യക്തിയായി വളരുന്നു.

ഈ രീതിയിൽ, യെഖൊല്യായുടെ ജീവിതം ഒരു മാതാവിന് തന്റെ ആത്മീയ പാരമ്പര്യത്തിലൂടെ ഒരു രാജാവിന്റെ ഭാവി പോലും രൂപപ്പെടുത്താൻ കഴിയുമെന്ന് തെളിയിക്കുന്നു. ദൈവകേന്ദ്രികമായ വളർച്ച ഒരു സ്ത്രീയുടെ വ്യക്തി ജീവിതത്തെയും അവളിൽ നിക്ഷിപ്തമായ രാജകീയ ഉത്തരവാദിത്വത്തെയും നിർ വഹിക്കാൻ കരുത്തുള്ളതാക്കിത്തീർക്കുന്നു.

2. രാജ്ഞിയായ യെഖൊല്യാ

അമസ്യാവിന്റെ ഭാര്യയായതോടെ യെഖൊല്യാ യെഹൂദയുടെ രാജ്ഞിയായി. രാജ്ഞിയെന്ന പദവി പലരും ചർച്ച ചെയ്യുന്ന മഹത്വത്തിന്റെ അടയാളമല്ല; അതിന് പിന്നിൽ വലിയ ഉത്തരവാദിത്വങ്ങളും ഒപ്പം കൂടുതൽ മാനസിക സമ്മർദ്ദങ്ങളും അടങ്ങിയിരിക്കുന്നു. രാജധാനി ഒരു സുരക്ഷിതഗൃഹമല്ല; അത് ഒരു രാഷ്ട്രീയകേന്ദ്രവുമാണ് വ്യവഹാരങ്ങൾ, സഖ്യങ്ങൾ, ഗൂഢാലോചനകൾ, രാജ്യത്തിന്റെ ഭാവിയെ രൂപപ്പെടുത്തുന്ന നിർണായക നിർദ്ദേശങ്ങൾ എല്ലാം അവിടെനിന്നാണ് ഉയരുന്നത്. രാജ്യത്തിലെ ഓരോ ചലനവും രാജാവിനെയും രാജധാനിയിലുള്ളവരെയും ബാധിക്കുന്നു. ഇത്തരമൊരു സാഹചര്യത്തിൽ ഒരു രാജ്ഞി സ്ഥിരതയും വിവേകവും നിലനിർത്തണം.

യെഖൊല്യാ തന്റെ ഭർത്താവായ അമസ്യാവിന്റെ രാജഭരണത്തിലെ നല്ലതും ചീത്തയുമായ സമയങ്ങളെല്ലാം കണ്ടിരുന്നു. അമസ്യാവ് ചിലപ്പോൾ ധാർമികമായി ശരിയായ വഴിയിലായായിരുന്നു, എന്നാൽ മറ്റുചിലപ്പോൾ തെറ്റായ വഴികളിലും പോയിരുന്നു. അത്തരം സാഹചര്യങ്ങളിൽ യെഖൊല്യാ നിശ്ശബ്ദവും ശാന്തവുമായ ഒരു ഉപദേശകയായി, കുടുംബം ആത്മീയമായ വഴിയിൽ ഉറച്ച് നിൽക്കാൻ ശ്രദ്ധിച്ചിരുന്നു. രാജഭവനം വെറും ആഡംബരത്തിന്റെയും വിനോദത്തിന്റെയും സ്ഥലമല്ല; അത് ഒരു രാജ്യത്തിന്റെ ഭാവി നിർണ്ണയിക്കുന്ന പ്രധാന കേന്ദ്രമാണ്. അതിനാൽ യെഖൊല്യാ അവിടെ ഒരു ആത്മീയമായ സമത്വവും ശാന്തതയും നിറഞ്ഞ അന്തരീക്ഷം ഉണ്ടാക്കി. ഈ അന്തരീക്ഷം അവളുടെ മകൻ ഉസ്സിയാവിന്റെ സ്വഭാവവും ജീവിതദർശനവും രൂപപ്പെടുത്തുന്നതിൽ വലിയ പങ്ക് വഹിച്ചു.

3. മാതാവിന്റെ നിർണായക സ്വാധീനം

ഉസ്സിയാവു രാജാവാകുമ്പോൾ വെറും പതിനാറു വയസ്സായിരുന്നു. അത്രയും ചെറുപ്പത്തിൽ ഒരു രാജ്യം ഭരിക്കേണ്ടിവരുന്നതിന്റെ ഭാരം എത്ര വലുതാണെന്നു നമുക്ക് സങ്കൽപ്പിക്കാം. അത്തരം ഒരു പ്രായത്തിൽ ഒരു യുവാവിൽ ആത്മവിശ്വാസവും വിവേകവും ദൈവഭക്തിയും വളർത്തുക ഒരു മാതാവിന്റെ പ്രധാനപ്പെട്ട ഉത്തരവാദിത്വമാണ്. യെഖൊല്യാ ഈ ഉത്തരവാദിത്വം വളരെ ആത്മാർത്ഥതയോടും ആത്മീയപരിപാകതയോടും കൂടി ഏറ്റെടുത്തിരിക്കണം.

ബൈബിൾ ഉസ്സിയാവിനെക്കുറിച്ച് പറയുന്നത് "അവൻ യഹോവയെ അന്വേഷിച്ച കാലത്തോളം ദൈവം അവന്ന് അഭിവൃദ്ധി നൽകി" (2 ദിനവൃത്താന്തം 26:5) എന്നതാണ്. ഒരു രാജാവിന്റെ വിജയത്തിന്റെ അടിത്തറ ദൈവഭക്തിയാണെന്ന് വ്യക്തമാക്കുന്ന വചനമാണിത്. അത്തരം ദൈവഭക്തി ഒരു മകന്റെ ജീവിതത്തിൽ സ്വയം വളരുന്നതല്ല; അത് ഒരു മാതാവിന്റെ ഉപദേശങ്ങളിലൂടെ വളരുന്നതാണ്. യെഖൊല്യാ മകനിൽ സത്യസന്ധത, ശാസനം, വിനയം, ആത്മീയബോധം എന്നിവ വളർത്തിയിരിക്കണം. രാഷ്ട്രീയകുഴപ്പങ്ങളാൽ നിറഞ്ഞ രാജധാനിയിൽ ഒരു യുവ രാജകുമാരനെ തെറ്റായ വഴികളിൽ നിന്ന് സംരക്ഷിക്കുക, ശരിയായ ഉപദേശകരെ തിരഞ്ഞെടുക്കാൻ സഹായിക്കുക, ദൈവനിയമങ്ങളിൽ ഉറച്ചുനിർത്തുക എന്നിവയെല്ലാം അവളുടെ ഉത്തരവാദിത്തമായിരുന്നു.

ഈ വസ്തുത മനുഷ്യചരിത്രത്തിലെ ഒരു വലിയ സത്യത്തെ വീണ്ടും തെളിയിക്കുന്നു: ഒരു രാജാവിന്റെ സിംഹാസനത്തിനുപിന്നിൽ ശാന്തവും പ്രാർത്ഥനാപരവും, അതിശക്തിയുമുള്ള ഒരു മാതാവിന്റെ കൈകളുണ്ടെന്നതിൽ തർക്കമില്ല.

4. ആത്മീയശേഷിയും കുടുംബനിർമ്മാണവും

ഉസ്സിയാവിന്റെ അമ്മയായ യെഖൊല്യയെക്കുറിച്ച് ബൈബിളിൽ കൂടുതൽ വിവരങ്ങളൊന്നും നൽകിയിട്ടില്ലെങ്കിലും, അവളുടെ മകൻ ഉസ്സിയാവിന്റെ ജീവിതം കാണുമ്പോൾ, അവൾ ഒരു ആത്മീയബലമുള്ള അമ്മയായിരുന്നെന്നു മനസ്സിലാക്കാം. അമ്മയുടെ സ്വാധീനം കൊണ്ട് തന്നെ ഉസ്സിയാവ് ചെറുപ്പത്തിൽ രാജാവായപ്പോഴും ദൈവഭക്തിയോടും വിനയത്തോടും കൂടിയാണ് ഭരണമാരംഭിച്ചത്. ഈ ദൈവഭക്തിയാണ് അവന്റെ ഭരണകാലത്തെ വലിയ അനുഗ്രഹങ്ങളിലേക്ക് നയിച്ചത്. അവൻ രാജ്യം സൈനികമായി ശക്തമാക്കി, ശക്തമായ കോട്ടകളും സംരക്ഷണ മതിലുകളും പണിതു, കൃഷിക്ക് പ്രത്യേക പ്രാധാന്യം നൽകി, ഇതിലൂടെ ഭക്ഷണവും ധനവും വർധിച്ചു. രാജ്യത്തിന്റെ സമ്പദ്ഘടന വളർന്ന് ജനങ്ങൾ സമൃദ്ധിയിൽ ജീവിച്ചു. എന്നാൽ ഈ എല്ലാ വിജയങ്ങളേക്കാൾ വിലപ്പെട്ടത് അവന്റെ മനസ്സിലുള്ള ആദരവും ദൈവത്തിനു മുൻപിലെ വിനയവുമായിരുന്നു. ഉസ്സിയാവ് രാജ്യത്തെ മുന്നോട്ടു കൊണ്ടുപോയത് കഴിവും ശക്തിയും കൊണ്ടുമാത്രമല്ല; മാതാവിൽ നിന്നുള്ള ആത്മീയപാരമ്പര്യവും ദൈവത്തെ ഭജിക്കുന്ന മനസ്സുമായിരുന്നു അവന്റെ ഏറ്റവും വലിയ ശക്തി.

ഇത്തരം ഒരു തലമുറയ്ക്ക് പിന്നിൽ ഒരു മാതാവിന്റെ ആത്മീയപരിപാലനം ഉണ്ടായിരിക്കണം. ഒരു കുടുംബത്തിൽ ശാന്തതയും വിശ്വാസവും നിലനിർത്തുക തന്നെ ഒരു വലിയ ഉത്തരവാദിത്തമാണ്. യെഖൊല്യായുടെ ഭക്തി, കുടുംബപ്രാർത്ഥനകൾ, ശിക്ഷണരീതി, മനുഷ്യരോടുള്ള മൃദുസ്വഭാവം എന്നിവ എല്ലാം മകന്റെ മനസ്സിൽ ആഴത്തിൽ പതിഞ്ഞിരിക്കാം. ഒരു രാജ്യം ഒരു രാജാവിന്റെ ഉള്ളിലലിഞ്ഞിരിക്കുന്ന മൂല്യങ്ങളുടെ പ്രതിബിംബമാണ്; അതിനാൽ യെഖൊല്യായുടെ ജീവിതശൈലി യെഹൂദയുടെ ആത്മീയതപരമാവധി വളരും വിധം സഹായിച്ചിരിക്കുന്നു.

5. ചരിത്രപരവും ദൈവശാസ്ത്രപരവുമായ സ്വാധീനം

ബൈബിളിലെ സ്ത്രീകളുടെ പങ്ക് പലപ്പോഴും ശ്രദ്ധിക്കപ്പെടാറില്ലെങ്കിലും അവർ രാജവംശങ്ങളുടെ ഉയർച്ചയും വീഴ്ചയും നിർണ്ണയിച്ച ഒരു അവ്യക്ത ശക്തികളാണ്. ദാവീദിന്റെ വംശം നിലനിൽക്കാൻ സഹായിച്ച നിരവധി അമ്മമാരുടെ ജീവിതം നാം ബൈബിളിൽ കാണുന്നുണ്ട്. യെഖൊല്യാ അത്തരം ജീവിതങ്ങളിലെ ഒരു ശാന്തപക്ഷി പോലെയാണ്പാട്ടുപാടാതെ, പക്ഷേ തന്റെ ചിറകുകൾ കൊണ്ട് ഒരു തലമുറയെ സംരക്ഷിക്കുന്ന പ്രതീകമായി. യെഖൊല്യായുടെ ജീവിതം ശബ്ദമില്ലാത്ത ത്യാഗത്തിന്റെ ഉദാഹരണമാണ്. അവൾ സ്വന്തം മഹത്വം പ്രദർശിപ്പിച്ചില്ല. എന്നാൽ തന്റെ കഷ്ടപ്പാടും സഹനവും ത്യാഗവുംകൊണ്ട് ഒരു തലമുറയെ സംരക്ഷിച്ച ശാന്തപക്ഷിയെപ്പോലെ അവൾ ജീവിച്ചു.

യെഖൊല്യാ എന്ന പേരിന് ഹീബ്രു ഭാഷയിൽ "യഹോവയാണ് മഹത്വം" എന്നാണർത്ഥം. ഒരു പേരിന്റെ ശക്തി വ്യക്തിയുടെ സ്വഭാവത്തെയും പ്രവർത്തനത്തെയും രൂപപ്പെടുത്തുന്നുവെന്ന ബൈബിളിലെ വിശ്വാസം പ്രകാരം, ഈ പേര് തന്നെ യെഖൊല്യയുടെ ജീവിതത്തിനും അഭിവൃദ്ധിക്കും ദൈവിക ആധിപത്യം, മഹത്വം, ആത്മീയ ദിശാബോധം നൽകുന്നുവെന്ന് കാണാം. യെഖൊല്യയുടെ ജീവിതം ആത്മീയതയുടെ മികവിന്റെ തെളിവുകളാൽ സമൃദ്ധമാണ്; അദ്ദേഹത്തിന്റെ പ്രവാചക ദർശനങ്ങൾ, ഉപദേശങ്ങൾ, സമൂഹത്തോടുള്ള നയപരമായ നിർദ്ദേശങ്ങൾ, ഇവയെല്ലാം ദൈവിക മാർഗ്ഗനിർദ്ദേശത്തിന്റെ പ്രതിഫലനങ്ങളാണ്. ശബ്ദമില്ലാത്ത, എന്നാൽ ആഴത്തിലുള്ള സ്വാധീനം എന്ന നിലയിൽ, യെഖൊല്യാ ഒരു നിശ്ശബ്ദ മാതാവായി ചരിത്രത്തിലേക്ക് കടന്നു.

ചരിത്രപരമായും സാമൂഹികമായും, രാജ്ഞിമാരുടെയും രാജമാതാക്കളുടെയും സ്വാധീനം ഭരണഘടനയെ നിർണ്ണയിച്ചിടത്തോളം ശക്തമായിരുന്ന കാലഘട്ടത്തിൽ, യെഖൊല്യാപോലുള്ള അമ്മമാർ അമിതാധികാരത്തിന്റെ പാതയിലേക്ക് നയിക്കാതെ, ദൈവിക നീതിയും നീതിപൂർണ തീരുമാനങ്ങളും ഉറപ്പാക്കുന്ന പിന്തുണ നൽകുകയും ചെയ്തിരിക്കുന്നു. രാജകീയ, രാഷ്ട്രീയ സാഹചര്യങ്ങളിൽ നേരിട്ട് ഇടപെടാതിരുന്നുവെങ്കിലും, ദൈവിക മാർഗ്ഗനിർദ്ദേശത്തിന്റെ ഭാഗമായി അവൾ സമൂഹത്തിൽ നീതിയും സമാധാനവും നിലനിർത്താൻ സഹായിച്ചു. ഈ ശബ്ദമില്ലാത്ത ശക്തിയാണ് യെഖൊല്യയുടെ ചരിത്രപരമായ മഹത്വത്തിന്റെ അടയാളം.

പേരും പ്രവൃത്തിയും തമ്മിലുള്ള ഏകോപനം അവളെ ഒരു ദൈവിക മാതൃകയാക്കി മാറ്റുന്നു. "യഹോവയാണ് മഹത്വം" എന്ന പേര് മാത്രമല്ല, അതിന്റെ പ്രതിഫലനം ആയ സ്വഭാവവും പ്രവർത്തനവും യെഖൊല്യായെ ചരിത്രത്തിൽ ദീർഘകാല സ്വാധീനമുള്ള, ശബ്ദമില്ലാത്ത, എന്നാൽ മഹത്വമുള്ള സ്ത്രീയായി ഉയർത്തുന്നു. അവളുടെ ആത്മീയ നേതൃത്വം, രാഷ്ട്രീയവും സാമൂഹികവുമായ പരിസരങ്ങളിൽ ദൈവിക മാർഗ്ഗനിർദ്ദേശം നടപ്പിലാക്കുന്നത്, ഈ ശബ്ദമില്ലാത്ത മഹത്വത്തിന്റെ ഉദാഹരണമാണ്. യെഖൊല്യാ ഒരു "നിശ്ശബ്ദ മാതാവ്, ദൈവിക ശക്തിയുടെ പ്രതീകം, ചരിത്രത്തിൽ മാധുര്യമുള്ള ശബ്ദം" എന്ന നിലയിൽ സത്യത്തിൽ ഒരു ദൈവിക മാതൃകയായി മാറുന്നു.

ഒരു ചെറിയ വാക്യത്തിൽ മാത്രം പരാമർശിക്കപ്പെട്ടിട്ടും, യെഖൊല്യാ ബൈബിളിലെ വിലപ്പെട്ട സ്ത്രീകളിൽ ഒരാളാണ്. അവളുടെ പേരിന് പിന്നിലെ ആത്മീയഗന്ധം, യെരൂശലേമുകാരിയായ നിലയിൽ ലഭിച്ച ദൈവീകപാരമ്പര്യം, ഒരു രാജ്ഞിയായി സ്വീകരിച്ച ഉത്തരവാദിത്വം, ഒരു രാജമാതാവായി മകന്റെ ജീവിതത്തെ രൂപപ്പെടുത്തിയത്ഇതെല്ലാം അവളെ ചരിത്രത്തിന്റെ നിസ്സീമതയിൽ പോലും പ്രകാശിക്കുന്ന ഒരു പ്രതീകമായി നിലനിർത്തുന്നു. യെഖൊല്യായുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത് ശക്തി എല്ലായ്പ്പോഴും സംസാരിക്കുന്നവരിൽ നിന്നല്ല വരുന്നത്; ചിലപ്പോൾ ശാന്തമായവരും സ്ഥിരതയുള്ളവരും പ്രാർത്ഥിക്കുന്നവരും ഒരു രാജ്യത്തിന്റെ ഭാവിയെ മാറ്റുന്നു. ഒരു മാതാവിന്റെ കൈകൾ ഒരു സിംഹാസനത്തിന്റെയും ഒരു തലമുറയുടെയും ആധാരം ആകുന്നു എന്നതിന്റെ ഉദാത്തമായ തെളിവാണ് യെഖൊല്യാ. ❑

വചനതീർത്ഥം



ജനനപ്പെരുന്നാളിന് ശേഷമുള്ള ഒന്നാം ഞായർ

(ലൂക്കോസ് 2:40-52)

ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

മനുഷ്യാവതാര പ്രക്രിയയെ മുഴുവനായി അനുസ്മരിക്കുന്ന ആരാധനാ വർഷത്തിൽ കർത്താവിന്റെ ജനനത്തിനുശേഷം ആദ്യ ഞായറാഴ്ച ആകുമ്പോഴേക്കും 12 വയസ്സുള്ള യേശുക്രിസ്തുവിനെയാണ് നാം കാണുന്നത്. യേശുവിന്റെ ബാല്യകാലവിവരണത്തിലെ ഭാഗമായ ഈ വാക്യങ്ങളും അവയിലെ സംഭവങ്ങളും യേശുക്രിസ്തുവിന്റെ ജീവിതത്തിലെ ചില പ്രധാന ദർശനങ്ങളിലേക്കാണ് വിരൽചൂണ്ടുന്നത്. യേശുവിൻറെ ജനനത്തിന് പരസ്യ ശുശ്രൂഷയ്ക്കും ഇടയിലുള്ള വേദപുസ്തകം പ്രതിപാദിക്കുന്ന ഏക സംഭവമാണിത്. ശൈശവം പിന്നിട്ട് കൗമാരത്തിലേക്ക് പ്രവേശിക്കുന്ന യേശുക്രിസ്തുവിന്റെ ജീവിതത്തിലെ ഈ സംഭവം ആധുനിക ലോക ജീവിതക്രമത്തിൽ ഏറെ ചർച്ചകൾക്കും പഠനങ്ങൾക്കും വിധേയമാക്കാവുന്ന ഒന്നാണ്.

നിയോഗ ബോധ്യമുള്ള കൗമാരം

ജീവിതത്തിന്റെ അർത്ഥം കണ്ടെത്തലാണ് നിയോഗ ബോധ്യം എന്നത്. തങ്ങളുടെ ജീവിതം എപ്രകാരമാണ് മുന്നോട്ടു പോകേണ്ടത് എന്ന് ആത്മബോധവും ദിശ തെറ്റുന്നില്ല എന്ന് ഉറപ്പുവരുത്തുവാനുള്ള ആത്മപരിശോധനയും നിയോഗ വ്യക്തതയുടെ അടയാളങ്ങളാണ് 12 വയസ്സുള്ള യേശുവിനെ സുവിശേഷകൻ അവതരിപ്പിക്കുമ്പോൾ തന്റെ കൗമാരത്തിൽ നിയോഗ ബോധ്യത്തോടെ ജീവിക്കുന്ന ഒരു വ്യക്തിയെയാണ് നാം കാണുന്നത്. തന്നെ അന്വേഷിച്ചു വരുന്ന അമ്മയോട് യേശു നൽകുന്ന ഉത്തരം ഈ പ്രായത്തിൽ താൻ കാണപ്പെടാവുന്നതിൽ വച്ച് ഏറ്റവും നല്ല ഇടത്താണ് ആയിരിക്കുന്നത് എന്നതാണ്. ഈ നിയോഗ ബോധ്യം മാതാപിതാക്കൾ തിരിച്ചറിഞ്ഞു എന്നതുകൊണ്ടാവാം അവർ മകനെ അന്വേഷിച്ച് തിരികെ ദേവാലയത്തിൽ എത്തിയത്, യെരുശലേമിലെ പെസഹ പെരുന്നാൾ വലിയ തിരക്കുള്ള കാലമാണ്. കാണാതായ മകൻ കച്ചവടക്കാരുടെ കൂടെയും മറ്റ് ഉത്സവ ആരവങ്ങളുടെയും മധ്യത്തിലും ഒക്കെ ആകുവാനുള്ള സാധ്യതയുണ്ട്. ജീവിതത്തിൽ കാണപ്പെടുവാൻ പാടുള്ളയിടങ്ങളിലെ താൻ കാണപ്പെടുകയുള്ളു എന്ന ക്രിസ്തു നിയോഗ ബോധ്യത്തിന്റെ ശക്തമായ പ്രകടനമാണ് ഇവിടെ കാണുന്നത്.

കൗമാരത്തിലെ ഈ നിയോഗ ബോധ്യം ജീവിതത്തിൽ ഉടനീളം യേശു സൂക്ഷിച്ചു എന്ന് നമുക്ക് മനസ്സിലാക്കാം അവൻ ഏറ്റവും അധികം ചങ്ങാത്തങ്ങൾ ഉണ്ടായിരുന്നത് ചുങ്കക്കാരോടും പാപിനികളായ സ്ത്രീകളോടും ഒക്കെയാണ്. യേശുവിനെക്കുറിച്ച് ഏറെ അപവാദങ്ങൾ അന്നത്തെ സമൂഹം ഉയർത്തിയെങ്കിലും ഒരിക്കലും ഒരു സ്വഭാവ ദൂഷ്യം യേശുവിനെതിരെ ഉയർന്നിട്ടില്ല. തന്റെ നിയോഗ ബോധ്യത്തിലൂടെ കൗമാര കാലത്തുതന്നെ രൂപപ്പെടുത്തിയ ചിട്ടകളും അതിർവരമ്പുകളും ജീവിതത്തിൽ ഉടനീളം അവന് കാവലായിരുന്നു.

കൗമാരം തൊട്ട് തന്നെ താൻ പാലിച്ചുവരുന്ന ലംഘിക്കുവാൻ പാടില്ലാത്ത അതിരുകളുടെ സംരക്ഷണം ക്രിസ്തു ജീവിതത്തിന്റെ മുഖമുദ്രയാണ്. ജീവിതത്തിന്റെ അർത്ഥവും കാതലും മനസ്സിലാക്കി പാലിക്കേണ്ട അതിർവരമ്പുകൾ പാലിച്ച് നിയോഗ ബോധ്യത്തോടെ ജീവിക്കുവാൻ ഉള്ള ഒരു ആഹ്വാനം ഈ വേദഭാഗം മുൻപോട്ട് വയ്ക്കുന്നുണ്ട്

ദിശാബോധമുള്ള രക്ഷകർത്തത്വം

ദൈവ വാഗ്ദാനമായി തങ്ങൾക്ക് ലഭിച്ച പൈതലിനെ ദിശാബോധത്തോടെ വളർത്തിയെടുക്കുന്ന ജോസഫും മറിയാമും ഈ വേദഭാഗത്തിലെ ശ്രദ്ധയാകർഷിക്കുന്ന ഇടങ്ങളാണ്. വർഷത്തിൽ മൂന്നു പെരുന്നാളുകൾക്ക് ദേവാലയത്തിൽ എല്ലാ യഹൂദ പുരുഷന്മാരും എത്തിച്ചേരണമെന്ന് ന്യായപ്രമാണം ഓർമ്മിപ്പിക്കുന്നുണ്ട് (പുറപ്പാട് 23:13-17;34:18-23). എന്നാൽ പ്രവാസാനന്തരകാലത്ത് ഈ



കീഴ് വഴക്കങ്ങൾ വ്യത്യാസപ്പെട്ടിട്ടുണ്ട് എന്നുള്ളത് വാസ്തവമാണ്.

യേശുവിന്റെ മാതാപിതാക്കൾ പതിവുപോലെ പെസഹ പെരുന്നാളിന് പോയി എന്ന് എന്നു പറഞ്ഞാണ് ഈ വേദഭാഗം തുടങ്ങുന്നത്. നിർബന്ധമില്ലാതെ ഇരിക്കുന്ന ഒരു കാലത്തും പെരുന്നാളിന് പോകുന്ന മാതാപിതാക്കളുടെ ചിത്രം മിഴിവേറിയതാണ്. തങ്ങളുടെ ജീവിതത്തിൽ അവർ പുലർത്തിയിരുന്ന നിഷ്ഠയും ആത്മീയ അന്വേഷണവും വ്യക്തമാണ്

ഏറെ സഹനങ്ങൾ സഹിച്ചു താൻ വളർത്തിയെടുത്ത പൈതലായ യേശു നഷ്ടമാകുമ്പോൾ മറിയം പ്രകടിപ്പിക്കുന്ന സഹിഷ്ണുത ശ്രദ്ധേയമാണ്. സഹനങ്ങളുടെ ഭൂമികയിലൂടെ വീണ്ടും വീണ്ടും കടന്നു പോകേണ്ടവളാണ് താനെന്ന് ഉറച്ച ബോധ്യത്തിൽ ആകാം ഈ നഷ്ടമാകലിനെയും സമചിത്തതയോടെ മറിയം നേരിടുന്നത്. നഷ്ടമായിപ്പോയ മകനെ കണ്ടെത്തണമെന്ന് നിശ്ചയദാർഢ്യം ഉള്ള ഒരു അമ്മയെയാണ് ഇവിടെ നാം ദർശിക്കുന്നത്.


കാണാതായ മകൻ തങ്ങളോടൊപ്പം ആകുന്നു എന്ന് ഉറപ്പാക്കുന്നത് വരെയും അവനെ അന്വേഷിച്ചു കൊണ്ടേയിരിക്കുന്ന മാതാപിതാക്കൾ ആധുനിക രക്ഷാകർതൃത്വത്തിന് വലിയ മാതൃകയാണ്. വഴിതെറ്റി പോകുന്ന മക്കളെ അന്വേഷിക്കുവാനോ ഒപ്പമുണ്ടെന്ന് ഉറപ്പുവരുത്തുവാനോ സാധിക്കാത്ത ആധുനിക മാതാപിതാക്കൾക്ക് ഈ മാതാപിതാക്കൾ ഒരു പാഠമാണ്. ദേവാലയത്തിൽ നിന്നും മടങ്ങിപ്പോയ യേശു - കൗമാരക്കാരനായ യേശു - മാതാപിതാക്കൾക്ക് കീഴ്പ്പെട്ട് ജീവിച്ചു എന്ന് പറഞ്ഞാണ് ഈ വേദഭാഗം അവസാനിക്കുന്നത്. കൗമാരത്തിന്റെ ഓരോ വർഷങ്ങൾ പിന്നിടുമ്പോഴും അവനെ ദിശാബോധത്തോടെ വളർത്തിയെടുക്കുവാൻ ആ മാതാപിതാക്കൾക്ക് കഴിഞ്ഞു എന്നാണ് ഇത് നൽകുന്ന സൂചന.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Church Calendar

Glory to God in the highest, and on earth peace to them with whom He is pleased



Feast of the Nativity of Christ

(St. Matthew 2:1-12 | St. Luke 2:1-20)

Philipose Ramban
(Jyothis Ashram, Abu Road, Rajasthan)

The Feast of Yeldo (Nativity) is the holy day of our Lord, for which the Holy Church waits with fasting and prayer. The second season of the liturgical year begins with the Feast of our Lord's Nativity; this period is known as the season of 'Danaha' (Epiphany).

Generally, Oriental Orthodox Churches celebrate the Feast of the Nativity on January 6th. However, since our Church follows the Gregorian calendar, we celebrate the Lord's Nativity on December 25th.

The message of Christmas is one of peace and tranquility. We must all be able to share the experience of great joy that this brings to us. More than mere festivities, we should strive to celebrate this feast with spiritual discipline and holiness.

The Birth of Jesus Christ: Fulfillment of the Word

The revelations of Jesus Christ's birth can be seen in the Old Testament. "The people who walked in darkness saw a great light. ... He will be called the Prince of Peace" (Isaiah 9:2-6). "But a shoot will come forth from the stump of Jesse" (Isaiah 11:1-4). It is through the birth of Christ that a fulfillment of these revelations occurred.

In the Sedra of the evening prayer of the Feast of the Nativity, it is read as follows: "Today, O Most High Child, the righteous prefigured You through their examples. The just praised You through their parables. All the prophets showed Your invisible nature through their revelations. All the seers proclaimed Your eternity through their voices. They saw Your incarnation from the Holy Virgin in their spiritual vision. Behold, the Virgin shall conceive and bear a son. Isaiah proclaimed that because He is both God and man, He shall be called 'Wonderful.' David sang psalms for this miracle child, saying 'He shall come down like rain upon the fleece' (referring to the Holy Virgin Mary) and 'You are my Son, today I have begotten You.' Thus, the birth of Christ was the fulfillment of many Old Testament prophecies."

The Feast of the Nativity of Christ: The Feast of Reconciliation with Humanity.

The birth of Christ, who descended from the glory of heaven to this world to redeem the fallen human race, is a ministry of reconciliation with humanity. In the words of the great Church Father St. Athanasius, "God became man so that man might become God." Therefore, it is said that the eternal challenge for man is to reach divinity from humanity. "Creation waits with eager longing for the revelation of the sons of God." St. Paul the Apostle says that the human race, redeemed through the incarnation of Christ, awaits the coming of the Son of God (Romans 8:19). God reconciles with the human race through His birth on this earth, which was made blessed through the incarnation of Jesus Christ.

The Gospel portions for this day's Service of Fire and Morning Prayer are Luke 2:1-20, and for the Holy Qurbana, it is the Gospel of St. Matthew



2:1-12. According to the portion in the Gospel of St. Luke 2:1-29, Joseph travels from the town of Nazareth in Galilee to Bethlehem in Judea, the city of David, to register their names according to the decree of Caesar Augustus, along with Mary, who was betrothed to him and was pregnant. While they were there, the time came for Mary to give birth. She gave birth to her firstborn son. Since there was no room for them in the inn, the parents laid the child in a manger. One of the most notable things in the accounts of the Nativity of Jesus Christ is the fact that there was no room for the child to be born. Not only to be born, the Son of Man had no place even to lay His head. "Make room for us in your hearts"; the apostolic exhortation is another dimension of this. Is not the human heart more vast than all the spaces on this earth? In Revelation 3:20, we read: "Behold, I stand at the door and knock. If anyone hears my voice and opens the door, I will come in to him and eat with him, and he with me." There are many human lives wandering because there is no room around us. At this time of the Feast of the Nativity, let us try to see such people and give them room.

The Wise Men Come and Search for the Child with Herod

In the verses from the Holy Gospel of St. Matthew 2:1-12, it is recorded that after Jesus was born in Bethlehem, Wise Men from the East arrived in Jerusalem. They asked, "Where is the one born King of the Jews?" Hearing this, Herod gathered everyone and asked, "Where is Christ to be born?" They told him, "In Bethlehem of Judea itself." Then Herod called the Wise Men and said, "Go and find the child in Bethlehem; when you have found him, let me know that news. I also desire to go and worship the child." They departed from the royal palace. The star they had seen in the east went before them until it came and stood over the place where the child was.

They went in, saw the child with his mother Mary, and worshipped him. Opening their treasure chests, they offered gifts of gold, frankincense, and myrrh. Having been warned in a dream "not to return to Herod," they returned to their own country by another way.

It is said that this Herod was very cruel and had killed many, including those in his own family, to maintain his authority. Although he was a person of great authority and power, he was a vassal of the Romans. Regarding those referred to as the Wise Men, some are of the opinion that they were the kings of Sheba and Seba as seen in the Old Testament. There are also differences of opinion regarding their number. It is mentioned in various ways such as three, seven, eight, or twelve.

Although it says the Wise Men arrived from the East, it does not clearly state from which specific country they came. It might be Chaldea, the land of Abraham. It is said that there were those from Eastern lands, including India, in this group. They came and asked, "Where is the one born King of the Jews?" They said, "We have seen his star in the east and have come to worship him." The star they saw was a divine sign sufficient for them to understand that the King or Savior, for whom they had been waiting for ages, was born. Even though the Wise Men searched for the child in the wrong place at first, it was through their arrival that Herod also received the knowledge that Christ had been born.

The Wise Men Returned to Their Own Country by Another Way

It is said that the Wise Men saw a dream in which Herod was standing with a drawn sword to kill the child, and consequently, they returned by another way. This return by 'another way' is also a transformation that occurred after they had seen Jesus. In our daily lives as well, a change from the path we have followed until now is inevitable. This becomes possible when we behold Christ. Here, once these Wise Men completely offered what they possessed in the presence of Christ, a radical transformation occurred in their lives.

Let the path we have travelled until today be whatever it may. When we receive Christ into our lives, we must have an experience of newness. Our Christmas celebrations should become an occasion to lead us by the hand from evil to good, from darkness to light, and from death to life. Our Christmas is not meant for disorderly celebrations and extravagance. The fulfilment of the peace and tranquillity proclaimed at Christmas is seen in the death on the cross and the resurrection. The true meaning of the Holy Birth can only be understood if we also read it alongside the message of sacrifice on the cross. Let the example of Christ the Lord, who incarnated with sacrifice as a cooling breeze of love and care into the world of the poor, be the hallmark of our lives.

Wishing everyone a Christmas season of love and joy. May God bless you!

❑



ആശാകിരൺ പാലിയേറ്റീവ് കെയർ സെന്റർ ഇരുപതാം വാർഷികം ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് ഉദദ്ഘാടനം ചെയ്തു.



കേന്ദ്രമന്ത്രി ജോർജ് കുര്യന്റെ ഡൽഹിയിലെ വസതിയിൽ ക്രിസ്മസ് വിരുന്നിൽ ഗീവർഗീസ് മാർ കൂറിലോസിന്റെ നേതൃത്വത്തിൽ മലങ്കരസഭ യുടെ പ്രതിനിധികൾ പങ്കെടുത്ത് ആശംസകൾ നേർന്നു.



Book Released by H.H Baselios Marthoma Mathews III: Mamlo B'Suryoyo; A Spoken Syriac Book by Fr. Dr.Varghese P. Varghese.



പൗരോഹിത്യ ശുശ്രൂഷയിൽ 50 വർഷം പൂർത്തികരിച്ച ഡോ. യാക്കൂബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായ്ക്ക് പി. മാർതോമാശ്ലീഹായുടെ ഓർമ്മ പെരുന്നാളിനോടനുബന്ധിച്ച് മുളന്തുരുത്തി, മാർതോമൻ ദേവാലയ ത്തിൽ വെച്ചു ആദരവേകി.

മാറുന്ന മുഖം
(Shifting Face)
ഫാ. അജീഷ് ബാബു

ചിലയിടങ്ങൾ നമ്മുക്ക് പ്രിയപ്പെട്ടതായി കഴിഞ്ഞാൽ അവയെ വിട്ടുപോവുക ഏറെ പ്രയാസകരമാണ്. പിന്നെ എങ്ങനെയാണ് അത്രമേൽ പ്രിയപ്പെട്ട ചില മനുഷ്യരുടെ ജീവിതത്തിൽ നിന്നുള്ള ഇറങ്ങി പോക്കിനെ നമ്മൾ അതിജീവിക്കുക, സൂക്ഷിക്കണം. അടുത്തവർ അകലുമ്പോഴും അകന്നവർ അടുക്കുമ്പോഴും ഒരുപാട് സൂക്ഷിക്കണം.

ജീവിതത്തിൽ ഒത്തിരി അധ്വാനിച്ചിട്ടും തീർത്തും ഒറ്റപ്പെട്ടുപോയ മനുഷ്യനാണ് യാക്കോബ് ലാബാന്റെ വീട്ടിൽ. അത്യധ്വാനം ചെയ്ത് ഉറങ്ങാതെയാണ് യാക്കോബ് ലാബാന്റെ വീട്ടിൽ ജീവിക്കുന്നത് അത് യാക്കോബ് തുറന്നു പറയുന്നുണ്ട്. എന്നിട്ടും ലാബാന്റെ പുത്രന്മാർ യാക്കോബ് സ്വന്തമായി അധ്വാനിച്ച് നേടിയ സമ്പത്തിനെ ചുറ്റിപ്പറ്റി പുതിയ കലാപത്തിന്റെ കൊടി ഉയർത്തുന്നു. യാക്കോബ് തങ്ങളുടെ ഭവനത്തിൽ അധ്വാനിച്ച് നേടിയ സമ്പത്തിനെക്കുറിച്ച് ലാബാന്റെ പുത്രന്മാരുടെ ആക്ഷേപം:

'ഞങ്ങളുടെ അപ്പന്റെ വകകൊണ്ട് അവൻ ഈ ധനമൊക്കെയും സമ്പാദിച്ചു' ഏലി 31:1, ഇവരുടെ വാക്കുകൾ ലാബാന്റെ ചെവിയിൽ എത്തി. അല്ലെങ്കിലും ആക്ഷേപങ്ങളും പരിഹാസങ്ങളും വ്യാപിക്കുന്നത് വളരെ പെട്ടെന്നാണ്, ഇതിനിടയിൽ നിഷ്കളങ്കരായ ചില മനുഷ്യർ പെട്ടുപോകും. യാക്കോബിന്റെ എല്ലാ പരിശ്രമങ്ങളെയും അവർ വിലയിരുത്തുന്നത് തങ്ങളെ ചൂഷണം ചെയ്ത യാക്കോബിനെ ചുറ്റിപ്പറ്റിയാണ്. യാക്കോബിന്റെ ആത്മാർത്ഥതയെ അവർ അത്രമാത്രം വിലകുറച്ചു കാണുന്നു.

ഒരുപക്ഷേ യാക്കോബ് ലാബാന്റെ വീട്ടിൽ എത്തിയ ദിവസം മുതൽ ലാബാന്റെ മക്കൾക്കൊപ്പം ഏറെ സൗഹൃദം പങ്കിട്ട ആളാണ്. ഒപ്പം കൃഷിസ്ഥലത്തും തങ്ങളുടെ ആടുകളെ മേയിച്ചപ്പോഴും ലാബാന്റെ പുത്രന്മാരിൽ നിന്ന് ഒരിക്കലും വേർതിരിവുകൾ യാക്കോബ് അനുഭവിച്ചിരുന്നില്ല. അങ്ങനെ ഒരു വേർതിരിവ് അദ്ദേഹം അനുഭവിച്ചിരുന്നെങ്കിൽ ലാബാന്റെ ഭവനത്തിൽ അദ്ദേഹത്തിന് നിൽക്കാൻ കഴിയില്ലായിരുന്നു. ഒരുപക്ഷേ തങ്ങളുടെ സഹോദരിമാരെ വിവാഹം കഴിച്ചശേഷം യാക്കോബും അവരും തമ്മിലുള്ള ബന്ധം കുറേക്കൂടി ആഴമുള്ളതായി മാറിയിരിക്കണം. യാക്കോബ് തന്റെ സൗഹൃദങ്ങളുടെ ആഴം വർദ്ധിപ്പിക്കുമ്പോഴും ലാബാന്റെ പുത്രന്മാർ യാക്കോബിന്റെ അത്യധ്വാനത്തെ മാത്രം മുൻനിർത്തിയാണ്.

മുഖംമാറുന്ന മനുഷ്യരും, സ്വയം വെളിപ്പെടുന്ന ദൈവവും

തന്റെ പുത്രന്മാരുടെ വാക്കുകൾ ലാബാൻ കേട്ടതിനു ശേഷം അയാളുടെ മുഖം മാറുന്നുണ്ട്, അത് കൃത്യമായി യാക്കോബിന് മനസ്സിലായി. 'യാക്കോബ് ലാബാന്റെ മുഖത്തു നോക്കിയാറെ അതു തന്റെ നേരേ മുമ്പേ ഇരുന്നതു പോലെയല്ല എന്നു കണ്ടു' ഏലി 31:2. തന്റെ ആൺമക്കളുടെ അന്യോന്യമുള്ള സംസാരത്തിൽ നിന്നും യാക്കോബിന്റെ നേട്ടത്തെ അസൂയപൂർവ്വം വീക്ഷിക്കുവാൻ തുടങ്ങി. ഇനി ലാബാന് യാക്കോബിനോട് പൊരുത്തപ്പെടുവാൻ കഴിയില്ല. സ്വന്തമെന്ന് കരുതുന്ന മനുഷ്യരൊക്കെ ഇങ്ങനെയാണ് പെട്ടെന്ന് അന്യരായി മാറുന്നത്.

യാക്കോബ് സ്വയം തിരിച്ചറിയുന്നത്, തന്റെ ഉറങ്ങാത്ത അധ്വാനത്തിൽ നിന്ന് തന്റെ ആഗ്രഹങ്ങൾ ഏത് നിമിഷവും നഷ്ടമായിപ്പോയേക്കാം എന്നതാണ്.

ഏതു നിമിഷവും എന്തും സംഭവിക്കാവുന്നതാണ് ജീവിതം എന്ന് തിരിച്ചറിയുമ്പോൾ മുൻവിധികളെല്ലാം അറ്റുവീഴും. ജീവിതത്തിലുണർന്നുവരുന്ന സന്ദർഭങ്ങളോട് ഇണങ്ങിനിൽക്കാനുള്ള വിവേകം സജീവമാകും. സങ്കല്പത്തിനനുസരിച്ചുള്ള ജീവിതത്തെ സ്വപ്നം കാണുമ്പോഴും ഭവിക്കുന്നതിനെ സ്വീകരിക്കാമെന്ന ഉള്ളകം നമ്മിലുണരും. ജീവിതം എന്തൊക്കെയാണോ മുന്നിൽ വിരിയിച്ചു തരുന്നത് അതിനോടെല്ലാം കഴിയുന്നത്ര പാരസ്പര്യപ്പെട്ട് തനിക്കും ചുറ്റുപാടിനും കാര്യമായ അസ്വസ്ഥതകൾ ഉണ്ടാക്കാതെയും ജീവിച്ചുപോകാനുള്ള സ്വയം കണ്ടെത്തും. അവിടെ ജീവിതം സ്വയം ജീവിതത്തെ വെളിപ്പെടുത്തിത്തരുന്നത് നമ്മൾ അനുഭവിക്കാൻ തുടങ്ങും.

വീട്ടിൽ സ്വന്തം എന്ന് ചിന്തിക്കുമ്പോഴും അധികാരത്തിന്റെ ഘടനകൾ എത്ര പെട്ടെന്നാണ് മാറിമറിയുന്നത്. മക്കൾ കുടുംബജീവിതം ആരംഭിച്ചു കഴിയുമ്പോൾ മാതാപിതാക്കൾ ബലഹീനരായി തീരുന്ന നാൾ മുതൽ, അല്പം ഉയർന്ന ജോലി സഹോദരങ്ങൾക്ക് ആകുമ്പോൾ അധികാരത്തിന്റെ ഘടനകൾ ചിലപ്പോൾ ചിലയിടത്തെങ്കിലും മാറിമറിഞ്ഞു തുടങ്ങും.



ലാബാന്റെ വീട്ടിൽ യാക്കോബ് ജീവിക്കുമ്പോൾ ലാബാനുള്ള ദൈവവും യാക്കോബിനുള്ള ദൈവവും രണ്ടും രണ്ടാണ്. ലാബാന്റെ വിഗ്രഹ ദൈവസങ്കൽപ്പത്തെ ഒരിക്കലും യാക്കോബ് പരസ്യമായി എതിർത്തിരുന്നില്ല. പക്ഷേ തന്റെ അനുഭവത്തിൽ വെളിപ്പെട്ടുവന്ന ദൈവത്തെ യാക്കോബ് ജീവിതംകൊണ്ട് ലാബാന് വെളിപ്പെടുത്തിയിട്ടുണ്ട്. തന്റെ അധ്വാനങ്ങളിലെല്ലാം പൂർണ്ണമായി വെളിപ്പെട്ടുവരുന്ന ഒരു ദൈവമുണ്ട്, അത് യാക്കോബിന് അറിയാം. യാക്കോബിന്റെ അധ്വാനത്തിന് പൂർണ്ണമായ വില വെളിപ്പെട്ടുവരുന്നത് അറിയുവാനുഭവത്തെ മുൻനിർത്തി തന്നെയാണ്.

ലാബാന്റെ ദൈവാനുഭവത്തിന് ഒരു വെല്ലുവിളി തന്നെയാണ് യാക്കോബിന്റെ അധ്വാനങ്ങളിൽ പൂർണ്ണമായി വെളിപ്പെട്ടു വരുന്ന യാക്കോബിന്റെ ദൈവം. തന്റെ ഭാര്യാപിതാവ് തനിക്ക് പ്രതികൂലം ആകുമ്പോൾ, മുഖം തിരിക്കുമ്പോൾ യാക്കോബിനോട് ദൈവം സംസാരിക്കുന്നു, നിന്റെ പിതാക്കന്മാരുടെ ദേശത്തേക്കും നിന്റെ ചാർച്ചക്കാരുടെ അടുക്കലേക്കും മടങ്ങിപ്പോക; ഞാൻ നിന്നോടു കൂടെ ഇരിക്കും.

ലാബാന്റെ ഭവനത്തിലെ ദൈവം ലാബാനോട് സംസാരിക്കുന്നത് ഇതുവരെ യാക്കോബ് കേട്ടിട്ടില്ല, കഴിഞ്ഞ ഇരുപത് വർഷം. എന്നാൽ തന്റെ അധ്വാനത്തെ

ചുറ്റുമുള്ള ലോകം വിലകുറച്ചു കാണുമ്പോൾ, സ്നേഹിതർ തന്നിൽ നിന്ന് ഒഴിഞ്ഞുമാറുമ്പോൾ ദൈവം സംസാരിക്കുന്നു.

വെളിപ്പെട്ടു വരുന്ന ദൈവം ഒരു മടക്കയാത്രയ്ക്ക് യാക്കോബിനെ ധൈര്യപ്പെടുത്തിയാണ് സംസാരിക്കുന്നത്. അധ്വാനത്തെ ചൂഷണം ചെയ്യുന്ന അധികാര മനോഭാവത്തോട് ദൈവം പോരാടുന്നു. ലാബാന്റെ ഭവനത്തിൽ വന്നനാൾ മുതൽ പോകാൻ ഒരുങ്ങുന്ന സമയംവരെ 20 വർഷം. ദൈവം നേരിട്ട് യാക്കോബിനോട് സംസാരിച്ചതായി പറയുന്നില്ല എന്നാൽ അവന്റെ അധ്വാനത്തെ തിരിച്ചറിയാത്ത ലാബാന്റെ പുത്രന്മാരുടെ സംസാരം ഭവനത്തിൽ പരക്കുകയും ലാബാൻ അതറിഞ്ഞിട്ട് അവന്റെ അധ്വാനത്തെ വിലകുറച്ചു കാണുകയും, ഇതറിഞ്ഞ യാക്കോബ് ഏറെ നിരാശനായി തന്റെ അധ്വാനങ്ങളെ നോക്കുകയും കണ്ണിൽ നിന്ന് കണ്ണുനീർ ഭൂമിയിൽ വീഴുകയും ചെയ്ത സമയം ദൈവം സംസാരിക്കാൻ തുടങ്ങി. 20 വർഷം കൊണ്ട് യാക്കോബ് രൂപപ്പെടുത്തിയ ലാബാന്റെ ഭവനം ഇന്ന് സമൃദ്ധിയുടെ ഉത്സവം നിറഞ്ഞുനിൽക്കുന്ന ഇടമാണ്. സമൃദ്ധിയുടെ ആഘോഷത്തിൽ ലാബാന്റെ പുത്രന്മാർ യാക്കോബിന്റെ അധ്വാനത്തെ മറന്നു. ഒത്തിരി സാധ്യതകൾ ഉള്ള ആളാണ് യാക്കോബ്, എന്നിട്ടും അയാൾ മടങ്ങാൻ തയ്യാറാവുകയാണ്. ഒത്തിരി സാധ്യതകൾ ഉണ്ടായിരുന്നിട്ടും ഇത്തിരി പോലും അവസരം കിട്ടാത്ത മനുഷ്യരാണെന്ന് നാം എന്ന് ചിലപ്പോഴെങ്കിലും എങ്കിലും തോന്നി പോകാറുണ്ടോ? പോട്ടെ, ദൈവം അത്രയും നിങ്ങളിൽ നിന്ന് പ്രതീക്ഷിക്കുന്നുള്ളൂ. ജീവിതം മാറി തുടങ്ങും. വിലയില്ലെന്ന് അറിയുന്ന ഇടങ്ങളിൽ നിന്ന് ഇറങ്ങി നടക്കുമ്പോൾ ജീവിതം തനിയെ മാറി തുടങ്ങും.!

ആറാം മാർത്തോമ്മാ അവാർഡിന് നാമനിർദ്ദേശങ്ങൾ ക്ഷണിക്കുന്നു

പുത്തൻകാവ്: സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ സ്ഥാപകനും മലങ്കര മെത്രാപ്പോലീത്തയുമായിരുന്ന വലിയ മാർ ദീവന്നാസിയോസിന്റെ (ആറാം മാർത്തോമ്മാ) ഓർമ്മക്കായി ഇടവക നൽകുന്ന 16-ാമത് ആറാം മാർത്തോമാ അവാർഡിന് നാമനിർദ്ദേശങ്ങൾ ക്ഷണിക്കുന്നു. ഭാരതത്തിന്റെ സാമൂഹ്യ, സാമുദായിക, സാംസ്കാരിക രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച ഒരു കേരളീയനാണ് അവാർഡ് നല്കപ്പെടുന്നത്. 25000 രൂപയും പ്രശസ്തി പത്രവും അടങ്ങുന്നതാണ് അവാർഡ്. നാമ നിർദ്ദേശം ചെയ്യപ്പെടുന്ന വ്യക്തിയുടെ സമഗ്ര സംഭാവനകളെക്കുറിച്ച് അര പേജിൽ കുറയാതെയുള്ള ഒരു വിവരണം കൂടി നാമനിർദ്ദേശത്തോടൊപ്പം സമർപ്പിക്കണം. നാമനിർദ്ദേശങ്ങൾ 2026 ജനുവരി 20 ന് മുമ്പായി കൺവീനർ, ആറാം മാർത്തോമാ അവാർഡ് കമ്മിറ്റി, സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ, പുത്തൻകാവ്-689123 എന്ന വിലാസത്തിലോ puthencavupalli@gmail. com എന്ന e-mail മുഖേനയോ ലഭിക്കേണ്ടതാണ്.



റ്റി. സി. ജോൺ കോർ എപ്പിസ്കോപ്പായുടെ ചരമ രജത ജൂബിലി അനുസ്മരണ സമ്മേളനം

കിടങ്ങന്നൂർ: തെക്കേമുത്തേരിൽ റ്റി. സി. ജോൺ കോർ എപ്പിസ്കോപ്പായുടെ ചരമ രജത ജൂബിലി അനുസ്മരണ സമ്മേളനം മെഴുവേലി ഹോളി ഇന്നസെന്റ്സ് ഓർത്തഡോക്സ് തീർത്ഥാടക വലിയപള്ളിയിൽ 2025 ഡിസംബർ 20-നു നടന്നു. രാവിലെ വിശുദ്ധ കുർബ്ബാനയ്ക്ക് ഡോ. മാത്യൂസ് മാർ തീമോത്തിയോസ് പ്രധാന കാർമികനായിരുന്നു. തുടർന്ന് നടന്ന അനുസ്മരണ സമ്മേളനം കുറിയാക്കോസ് മാർ ക്ലിമ്മീസ് വലിയ മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. മാർ തിമോത്തിയോസ് അധ്യക്ഷത വഹിച്ചു. ബോംബെ ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗീസ് മാർ കൂറിലോസ് അനുഗ്രഹ പ്രഭാഷണം നടത്തി. മുൻ വൈദിക ട്രസ്റ്റി ഫാ. ഡോ. എം. ഒ. ജോൺ അനുസ്മരണ പ്രഭാഷണം നടത്തി. സി.എസ്.ഐ. മധ്യകേരള ബിഷപ്പ് ഡോ. സാബു മലയിൽ കോശിയുടെ ആശംസ സന്ദേശം യോഗത്തിൽ വായിച്ചു.

വൈദിക സെമിനാരി അധ്യാപകൻ ഫാ. ജോബ് സാം മാത്യു, ചെങ്ങന്നൂർ ഭദ്രാസന സെക്രട്ടറി ഫാ. പി. കെ. കോശി, മെഴുവേലി പള്ളി വികാരി ഫാ. ബിനു ജോയ്, ഫാ. ജിബു ഫിലിപ്പ്, ഷീജ ടോജി, പി. എം. ജേക്കബ്, റ്റി. ജെ. ജോൺ എന്നിവർ പ്രസംഗിച്ചു. റ്റി. സി. ജോൺ കോർ എപ്പിസ്കോപ്പായുടെ ജീവചരിത്ര പുസ്തകമായ മെഴുവേലിയുടെ അച്ചൻസാർ എന്ന ഗ്രന്ഥം മാർ ക്ലിമ്മീസ് പ്രകാശനം ചെയ്തു. വിവിധ സ്ഥാപനങ്ങൾക്കുള്ള ജീവകാരുണ്യ ധനസഹായ വിതരണവും നിർവഹിച്ചു.



The Perunnal celebration and installation of the relics of St. Thomas were held at the Mylapore St. Thomas Orthodox Centre on 21st December, led by Geevarghese Mar Philoxenos. Fr. Lijo George was also present.

‘ഏകാഗ്രത’യും ‘മറവും’

“പണ്ട് സെമിനാരിയിൽ പഠിച്ചപ്പോൾ ഡോ പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനി പറഞ്ഞു തന്നതാണ്. ഏകാഗ്രതയുടെ ആദ്യ നിമിഷങ്ങൾ മൊട്ടുസൂചി വീണാൽ വലിയ ശബ്ദമായിത്തോന്നാം. എന്നാൽ അവസാന നിമിഷങ്ങളിൽ പെരുമ്പറയടിച്ചാലും അറിയുകയില്ല.”

“കുഞ്ഞേ, ഈ ലോകത്തിൽ ഒരു മറവു മാത്രമേ ഉള്ളൂ. അത് അത്യുന്നതന്റെ മറവാണ്. മറ്റാരുടെയോ എന്തിന്റെയോ മറവിൽ ആകുവാൻ ആഗ്രഹിക്കരുത്. അത്യുന്നതന്റെ മറവിൽ നിന്ന് മാറിപ്പോകുവാനും ആഗ്രഹിക്കരുത്. ആ മറവിൽ ആയിരിക്കുന്നിടത്തോളം നാം സുരക്ഷിതരായിരിക്കും.”

- സഖറിയാ മാർ അന്തോണിയോസ്

പുസ്തകം

